
KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 34 / Issue: 2 February 2023 ₹:10/-



## നീതിമാന്റെ ഓർമ്മ
## അനുഗ്രഹത്തിനായിത്തീരട്ടെ



1 – ാം ചരമവാർഷികം

24-2-2023

സുമ തോമസ്



56 – ാം ചരമവാർഷികം

7-1-2023



ഉണ്ണിട്ടൻ ഉതുപ്പാൻ



35 – ാം ചരമവാർഷികം

29-2-2023



എം. യു. ഉതുപ്പാൻ

(ഉപ്പായിച്ചായൻ)

16 – ാം ചരമവാർഷികം

29-5-2023



ചാച്ചിയമ്മ ഉതുപ്പാൻ

13 – ാം ചരമവാർഷികം

14-5-2023



എം. ഒ. ഏബ്രഹാം (പ്രസാദ്)

മണിമലേത്ത്
ഏജൻസി,
റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

# ക്നാനായ ദീപം

SINCE 1989

2023 ഫെബ്രുവരി പുസ്തകം 34 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ശ്രേഷ്ഠം ഈ പൗരോഹിത്യം 08
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

ഒരമ്മയുടെ സ്നേഹത്തിന്റെ കവിത 10
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

പരീക്ഷയ്ക്ക് ഒരുങ്ങാം... 15
സുനിൽ ഡി. കുരുവിള

ചോദിച്ചു വാങ്ങിയ വിന 17
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

രണ്ടാം ഉടമ്പടി 18
കൊച്ചുമോൻ പള്ളിക്കപറമ്പിൽ

പ്രത്യാശയും നിരാശയും 20
റ്റി.സി. തോമസ് തോപ്പിൽ

മഹാ ഇടയനൊപ്പം 21
ഫാ. ജോസഫ് കുളത്രാമണ്ണിൽ

സ്നേഹാഗ്നിയിൽ നിറഞ്ഞ... 22
സോണി കെ.കെ. കൊച്ചുചിറ

ഏവൻഗേലിയോൻ ദീപം 23
റവ. ഫാ. മനു സ്ക്കറിയ കോയിത്ര

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 നോമ്പിന്റെ പ്രസക്തി
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

42 ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ
അച്ചാമ്മ കുറിയാക്കോസ് കാവിത്താഴെ

42 കൂടെപ്പിറപ്പ്
ബിജു ഈ. പി.

43 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയരെ,

ആകമാനസഭയുടെ ഇന്നത്തെ ദു:സ്ഥിതി ഓർത്ത് ഹൃദയം നൊമ്പരപ്പെടാത്ത അധികം പേർ ഉണ്ടായിരിക്കുകയില്ല. പ്രത്യേകിച്ച് ക്നാനായ സമുദായത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെ ഓർത്തു കരയാത്തവർ ചുരുക്കമാണ്. സ്വൈരമായും സ്വസ്ഥമായും പുരോഗതിയുടെ പാഥയിൽ മുന്നേറുന്ന ഒരു അവസ്ഥയായിരുന്നു അടുത്തകാലംവരെയും. എന്നാൽ വേഗത്തിൽ അന്തരീക്ഷം കറത്തിരുണ്ടു. പത്രപ്രസ്ഥാപനങ്ങളും, വ്യാഖ്യാനങ്ങളുമായി face book -ൽ കൂടിയും whats App -ൽ കൂടിയും അനേകർ രംഗ പ്രവേശം ചെയ്തു. നിഴൽ യുദ്ധമായി ആരംഭിച്ച് തുറന്ന സമരത്തിനുള്ള ആഹ്വാനങ്ങളുമായി വളർന്നുകൊണ്ടിരിക്കുന്നു. വാളെടുക്കുന്നവർ വെളിച്ചപ്പാടന്മാരായി നീങ്ങി. ഇവരെ നിയന്ത്രിക്കുന്നതിന് ശരിയായ നേതൃത്വത്തിന്റെ അഭാവമാണ് കാണാൻ കഴിഞ്ഞത്. സഭയിലെ മെത്രാപ്പോലീത്താമാർ വിശ്വാസത്തിന്റെ കലവറക്കാരാണ്. അവർ ഒറ്റകെട്ടായി ഒരു മനസ്സോടെ പ്രവർത്തിച്ചാൽ എല്ലാ പ്രശ്നങ്ങളും അവസാനിക്കും. ഭരണഘടനയിലും, കാനോനിലും പരിശുദ്ധ പാത്രിയർക്കീസ് ബാവാക്ക് അനുശാസിച്ചിട്ടുള്ള സ്ഥാനങ്ങളും അധികാരങ്ങളും അക്ഷരത്തിലും അർത്ഥത്തിലും നീക്കിക്കളയാനുദ്ദേശിക്കുന്നില്ല എന്ന് പരിശുദ്ധ പിതാവിനെ ബോധ്യപ്പെടുത്തുവാൻ സഭാ നേതൃത്വത്തിൽ ഇരിക്കുന്നവർ ശ്രമിക്കണം. അതുപോലെ ക്നാനായ സമുദായ ഭരണഘടനക്ക് വിധേയമായി സമുദായത്തെ ഭരിക്കപ്പെടുവാൻ അനുവദിക്കണം (സമുദായവും ഭദ്രാസനവും രണ്ടാണ്). സമുദായ ഭരണത്തിൽ കൈകടത്താൻ ഉദ്ദേശിക്കുന്നില്ല എന്ന് സിംഹാസനത്തിൽ നിന്നും വ്യക്തമാക്കണം. അങ്ങനെയെങ്കിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും.

നിസ്സാരമായ പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് പരസ്പരം വിദ്വേഷവും ശത്രുതയും വർദ്ധിപ്പിക്കുവാനല്ല തുനിയേണ്ടത്. അങ്ങനെയുള്ള സാഹസത്തിൽ അറിഞ്ഞോ അറിയാതെയോ മേലിൽ ഏർപ്പെടുകയില്ല എന്നു തീരുമാനിക്കുന്നത് നല്ലതാണ്.

അഭിവന്ദ്യ തിരുമേനിമാർ ഒരുമിച്ച്നിന്ന് നേതൃത്വത്തിന്റെ ചുക്കാൻ പിടിക്കട്ടെ. സഭാമക്കൾ എല്ലാവരും അവരുടെ പിമ്പിലുണ്ടാകും. മാധ്യമങ്ങളിലെ വെല്ലുവിളികളും അട്ടഹാസങ്ങളും കുറുക്കന്റെ ഓലിയിടീൽ മാത്രമായി കലാശിക്കും. ഈ സമുദായത്തെ ഇനിയും പിളരുവാനും പിളർക്കുവാനും അനുവദിക്കാവുന്നതല്ല.

നാം ഒരു മതേതര രാഷ്ട്രത്തിൽ ജീവിക്കുന്നു. അനവധി സമുദായങ്ങളും, മതങ്ങളും നമുക്ക് ചുറ്റും അതാതിന്റെ പ്രവർത്തന സ്വാതന്ത്ര്യത്തോടെ പുരോഗമിക്കുന്നു. നമ്മുടെ കർത്താവിന്റെ ജോലിയെ സംബന്ധിച്ച് പറഞ്ഞാൽ താൻ നന്മ ചെയ്തു ലോകത്തിൽ സഞ്ചരിച്ചു എന്നു വേദം പഠിപ്പിക്കുന്നു. ഒരു മതത്തിൽനിന്നോ, സമുദായത്തിൽനിന്നോ ലോകത്തിന് നന്മകിട്ടുമെന്നു പ്രതീക്ഷിക്കാൻ മാർഗ്ഗമില്ലാതെ വരുമ്പോൾ അതിന്റെ നില നിൽപ്പിനെ മറ്റുള്ളവർ ചോദ്യം ചെയ്യും. അല്ലെങ്കിൽ പ്രകൃതി തന്നെ ചോദ്യം ചെയ്യും. അപ്പോസ്തലന്മാർ അനേക സ്ഥലത്ത് സഭ സ്ഥാപിച്ചുവെങ്കിലും, അവ എല്ലാം ഇന്ന് ഭൂമുഖത്തില്ല. കാരണം അതാതിന്റെ കർത്തവ്യം നിറവേറ്റുന്നതിൽ പരാജയപ്പെട്ടതുകൊണ്ടായിരിക്കണം. ക്രിസ്തീയ സഭകളെക്കാൾ കൂടുതൽ സംഭാവന മറ്റുള്ളവർ ലോകത്തിനു ചെയ്തു കൊണ്ടിരിക്കുമ്പോൾ അതിനെ കവിഞ്ഞു പ്രവർത്തിക്കുവാൻ ശ്രദ്ധ ഉണ്ടായിരിക്കണം. നാം തൂക്കത്തിൽ കുറവുള്ളവരായി തീരരുത് (ദാനി.5:27). മറ്റുള്ളവരെ ആദായപ്പെടുത്തുക. അവർക്ക് സൽപ്രേരണകളും, ഉത്തേജനവും നൽകുന്നതിൽ മടുത്തു പോകരുത്. ലോകത്തിൽ പ്രത്യേകിച്ച് കേരളത്തിൽ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ട ഒരു ഭാവിയിലേക്ക് ആണ് നാം പ്രയാണം ചെയ്യുന്നത്. പ്രശ്നങ്ങളെ പരിഹരിപ്പാൻ കർത്താവിനു കഴിയുമെങ്കിൽ ക്രൈസ്തവ സഭകൾക്ക് കഴിയേണ്ടതാണ്. നാം നിലനിൽക്കണമെങ്കിൽ ജയിക്കേണ്ട കാര്യങ്ങളിൽ വിജയം വരിക്കണം. മറ്റുള്ളവർ സർവ്വകലാശാലകളിൽ അഭ്യാസം നടത്തുമ്പോൾ, നാം ഇപ്പോഴും കുടിപള്ളിക്കൂടത്തിൽ കിടന്ന് ഹരിശ്രീ എടുക്കുകയും, അങ്ങോട്ടും ഇങ്ങോട്ടും ഗോഷ്ഠികാണിക്കുകയും, വഴക്കടിക്കുകയും, ചെയ്കയാണെങ്കിൽ ലോകം നമ്മേ എങ്ങനെ കണക്കാക്കും. ദൃശ്യമായ പ്രയോജനം ചെയ്യാതിരുന്നാൽ അദൃശ്യമായ നന്മകളെക്കുറിച്ച് ഉച്ചൈസ്വരം ഉൽഘോഷിച്ച് പ്രസംഗ പീഠങ്ങൾ തകർക്കുന്നതിനെ ആര് അംഗീകരിക്കും. അദൃശ്യനായ ദൈവത്തിന്റെ നാമം പറഞ്ഞ് ദൃശ്യ സഹോദരങ്ങൾ തമ്മിൽ മൽപ്പിടിച്ചാൽ അതൊരു വിരോധാഭാസമായി തീരുകയേ ഉള്ളു. നമ്മേകൊണ്ട് ഈ രാജ്യത്തിന് എന്ത് പ്രയോജനമുണ്ടായി എന്നും നമുക്ക് കർത്താവിൽ പ്രശംസിക്കത്തക്കവണ്ണം എന്തു നേട്ടമുണ്ടായി എന്നും പരിശോധിക്കുമ്പോഴാണ് നമ്മുടെ കുറവ് മനസ്സിലാകുന്നത്. ഈ ദു:സ്ഥിതിയെ പരിഹരിക്കത്തവണ്ണം പ്രതിജ്ഞാബദ്ധരായി നാം മുന്നോട്ടു വരുന്നില്ലെങ്കിൽ അധികം താമസിക്കാതെ നശിച്ചു നാമാവശേഷമായിതീരും.

ഇപ്പോഴുള്ള ഓരോ മിനിറ്റും വിലയേറിയതാണ്. പാമ്പുകളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവുകളെപ്പോലെ പരമാർത്ഥതയുള്ളവരും ആയിരിപ്പിൻ. (മത്താ. 10:16) അങ്ങനെ പ്രവർത്തിച്ചാൽ നമുക്ക് കർത്താവ് എല്ലാറ്റിനും വിജയം തരും.

നിങ്ങൾ ഏവരുടെയും ക്ഷേമാ ഐശ്വര്യങ്ങൾ ആരാഞ്ഞുകൊണ്ട് പ്രാർത്ഥനാപൂർവ്വം ചുരുക്കുന്നു

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2023 വർഷത്തിലെ ഫെബ്രുവരി മാസത്തിലേക്ക് നമ്മെ നയിച്ച ദൈവത്തിന് സ്തുതി കരേറ്റുന്നു. ഫെബ്രുവരി 11 ന് മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഏലിയാസ് തൃതിയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ നാം ആചരിച്ചു. പല ദേശത്തുനിന്നും മഞ്ഞനിക്കര കബറിലേക്ക് തീർത്ഥയാത്ര നടത്തിയ ഭക്തർക്ക് ആതിഥ്യമരുളാൻ നമുക്ക് സാധിച്ചു. നമ്മുടെ ദൈവാലയങ്ങളിൽ പരിശുദ്ധന്റെ പെരുന്നാൾ കൊണ്ടാടി. 'മഞ്ഞനിക്കര കുന്നിന്റെ അസ്തമിക്കാത്ത സൂര്യനെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ' എന്ന പ്രാർത്ഥന ഇപ്പോളും നമ്മുടെയെല്ലാം ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നു. പരിശുദ്ധന്റെ ജീവിത മാതൃക നാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. മലങ്കര സഭയിൽ സമാധാനം കൈവരുത്തുവാൻ പരിശുദ്ധൻ തന്റെ ക്ഷീണാവസ്ഥ എല്ലാം മറന്ന് കടന്നുവന്നതും, സമാധാനത്തിന്റെ കാറ്റ് വീശുവാനും ഇടയാക്കിയതും വിശുദ്ധിയിൽ വളരുവാനുള്ള ആഹ്വാനവും നമ്മുടെ വിശ്വാസജീവിതത്തെ സ്വാധീനിക്കേണ്ടതായിട്ടുണ്ട്. പരിശുദ്ധൻ കാണിച്ചുനല്കുന്ന ജീവിതമാതൃക ഉൾക്കൊണ്ട് ജീവിക്കുവാൻ നമുക്ക് ശ്രമിക്കാം.

ഈ വർഷത്തെ വലിയ നോമ്പിലേക്ക് ഫെബ്രുവരി 20ന് നാം പ്രവേശിക്കുകയാണല്ലോ. 'നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവുമാകുന്നു' എന്ന് പ്രാർത്ഥിക്കുന്നവരാണ് നാം. 50 ദിനങ്ങളിലെ വൃതാനുഷ്ഠാനുങ്ങളുടെ അവസാനത്തിൽ ഉയിർപ്പ് പെരുന്നാളിൽ പങ്കെടുക്കുമ്പോൾ 'നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റു തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചു എന്ന് സത്യമായിട്ട് ഞങ്ങൾ ഏറ്റു പറയുന്നു' എന്ന് നാം ചൊല്ലുമ്പോൾ ആ ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ ജീവിതത്തിന്റെ സകല മേഖലകളെയും നിയന്ത്രിക്കുന്നവൻ ആകുവാനായിട്ട് ഇടയാകണം. കർത്താവിന്റെ ഹിതമനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാൻ ഇടയാകണം. ലോകത്തെ നിയന്ത്രിക്കുന്നവൻ കർത്താവാകയാൽ ആ സന്നിധിയിൽ സമർപ്പണത്തോടെ ജീവിതത്തെ സമർപ്പിക്കുവാൻ നമുക്ക് സാധിക്കണം. നോമ്പിന്റെ ദിനങ്ങളിൽ ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ഒന്ന് പരിശോധിക്കുവാൻ നമ്മുടെ ജീവിതത്തിന്റെ സർവ്വസ്വവുമായി കർത്താവിനെ സമർപ്പിക്കുവാൻ നമുക്ക് ഇടയാകുമ്പോൾ ഈ വർഷത്തെ വലിയ നോമ്പ് കൂടുതൽ അർത്ഥവത്താകും. അതിനായുള്ള ശ്രമം നമുക്ക് നടത്താം.

ക്നാനായ കൺവൻഷൻ ഫെബ്രുവരി 22 മുതൽ 26 വരെ നടത്തുവാനുള്ള ഒരുക്കങ്ങൾ ഏറെ അനുഗ്രഹകരമായി നടന്നുകൊണ്ടിരിക്കുന്നു. മലങ്കര സുറിയാനി ക്നാനായ സുവിശേഷ സമാജത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും ശ്ലാഘിക്കുന്നു. ഇനിയും ആവശ്യമായിട്ടുള്ളത് എല്ലാവരും പ്രാർത്ഥനയോടെ കൺവൻഷൻ ദിനങ്ങളിൽ തിരുവല്ലയിൽ എത്തുക എന്നതാണ്. നമ്മുടെ എല്ലാ ഭവനങ്ങളിൽ നിന്നും എല്ലാവരും എല്ലാ ദിവസവും എത്തി കൺവൻഷൻ ഏറെ അനുഗ്രഹമാക്കുവാൻ ശ്രദ്ധിക്കുമല്ലോ. അവിടെ കേൾക്കുന്ന ദൈവവചനം നമ്മുടെ ജീവിതങ്ങളെ രൂപാന്തരത്തിലേക്ക് നയിക്കുവാൻ ഇടയാകട്ടെ.

കഴിഞ്ഞ രണ്ടു വർഷങ്ങൾക്ക് ശേഷം നമ്മുടെ ഇടവകകളിൽ പെരുന്നാളുകൾ ഏറ്റം അനുഗ്രഹമായി നടത്തുവാൻ നമുക്ക് സാധിച്ചു. അതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇടവകകളിൽ കൂടുതൽ ആത്മിയ നവീകരണത്തിന്റെ കേന്ദ്രങ്ങളായിത്തീരാനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ഏവരും ശ്രദ്ധിക്കുമല്ലോ. വി. ബൈബിൾ പഠനങ്ങൾ കൂടുതൽ നടത്തുവാൻ അത് നമ്മുടെ ആത്മീക ജീവിതത്തെ കൂടുതൽ പോഷിപ്പിക്കുവാനും ഇടയാകേണ്ടതുണ്ട്. അതുപോലെ നമ്മുടെ ഭവനങ്ങളിൽ കുടുംബപ്രാർത്ഥന നിർബന്ധമായി ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

നമ്മുടെ അതിഭദ്രാസന ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ അസോസിയേഷൻഹാൾ ഉൾപ്പെടെ നവീകരിക്കുവാൻ സാധിച്ചു. അതിന്റെ കൂദാശ കർമ്മം നിർവ്വഹിച്ചു. സെമിനാരിയുടെയും, അസോസ്സിയേഷൻ ഹാളിന്റെയും നവീകരണ പ്രക്രിയയ്ക്ക് നേതൃത്വം നൽകിയ സമുദായ ഭാരവാഹികളെയും ക്നാനായ കമ്മറ്റിയെയും അനുമോദിക്കുന്നു. തോട്ടയ്ക്കാട്ട് നാം സമ്പാദിച്ച സ്ഥലത്ത് നല്ല വിദ്യാഭ്യാസ കോഴ്സുകൾ ഉൾപ്പെടുത്തി വിദ്യാഭ്യാസ സമുച്ചയമായി ആയിത്തീരാൻ എല്ലാവരും പ്രാർത്ഥിക്കണം.

ദൈവിക അനുഗ്രഹങ്ങളും കൃപകളും കൂടുതലായി എല്ലാവർക്കും ലഭിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

സമുദായത്തിൽ ഓരോ മാസത്തിലും നടക്കുന്ന കാര്യങ്ങൾ വളരെ സത്യസന്ധതയോടുകൂടിയും സുതാര്യമായും സമുദായ അംഗങ്ങളെ അറിയിക്കുക എന്ന ദൗത്യമാണ് സമുദായ സെക്രട്ടറി എന്ന നിലയിൽ ഞാൻ സമുദായത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ക്നാനായ ദീപം മാസികയിലെ സമുദായ വാർത്തകൾ എന്ന പംക്തിയിലൂടെ അറിയിക്കുന്നത്. ആയതിന് സോഷ്യൽ മീഡിയായിൽക്കൂടി ദിനംപ്രതിയെന്നോണം സൈബർ ആക്രമണം ഞാൻ നേരിട്ടുകൊണ്ടിരിക്കുകയാണ്. എനിക്ക് അതിൽ പ്രയാസമില്ല. സമുദായ അംഗങ്ങളെ എല്ലാ വിവരങ്ങളും അറിയിക്കുന്നു. അത് പലർക്കും ഇഷ്ടപ്പെടുന്നില്ല, കാരണം ഇങ്ങനെയൊരു കാര്യം ഇതിന് മുമ്പ് ഇല്ലായിരുന്നു.

15-01-2023 ൽ ക്നാനായ സമുദായ ആസ്ഥാനമന്ദിരമായ മോർ അപ്രേം സെമിനാരിയിൽ ആഗോള ക്നാനായ ദിനവും മോർ അപ്രേം സെമ്മിനാരിയിലെ നവീകരിച്ച അസ്സോസിയേഷൻ ഹാളിന്റെ ഉദ്ഘാടനവും, ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ 19-ാം മത് മെത്രാഭിഷേക വാർഷികവും സംയോജിപ്പിച്ചുകൊണ്ടുള്ള മീറ്റിംഗ് ബഹു. കേരള ആരോഗ്യ ശിശുവികസന വകുപ്പു മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

പ്രൗഢ ഗംഭീരമായ ഈ മീറ്റിംഗിൽ സമുദായത്തിലെ ശ്രേഷ്ഠരായ വൈദീകർ, ക്നാനായ കമ്മറ്റി അംഗങ്ങൾ, അസ്സോസിയേഷൻ അംഗങ്ങൾ, സമുദായ സ്നേഹികൾ അടങ്ങിയവർ സദസ്സിലും സ്റ്റേജിലും ആയി ഇരിക്കുമ്പോൾ മീറ്റിംഗ് അലങ്കോലപ്പെടുത്തുവാൻ വന്ന ഏതാനും ചിലരും, അവരെ പറഞ്ഞുവിട്ടവരും ഒന്ന് ചിന്തിക്കുക.

നിങ്ങൾക്ക് പ്രതിഷേധിക്കണം എന്നുണ്ടെങ്കിൽ ആണത്വത്തോടുകൂടി ഞങ്ങൾ പ്രതിഷേധിക്കുമെന്ന് മുൻകൂട്ടി അറിയിച്ചിട്ട് വരണമായിരുന്നു. അല്ലാതെ കള്ളന്മാരെപ്പോലെ പരുങ്ങി നിന്ന് മീറ്റിംഗ് തുടങ്ങി പ്രാർത്ഥനയും കഴിഞ്ഞ് സ്വാഗതപ്രസംഗം തുടങ്ങിയപ്പോൾ പുറത്തുനിന്ന് വന്ന് ബഹളം വയ്ക്കരുതായിരുന്നു. പരിപാടികളിൽ തടസ്സം വരാതിരിക്കുവാൻ ഞങ്ങൾ ആത്മസംയമനം പാലിച്ചു. ഇല്ലായിരുന്നെങ്കിൽ അവിടുത്തെ സ്ഥിതി എന്താകുമായിരുന്നു. മൂന്നു മിനിറ്റ് ബഹളം വച്ചിട്ട് ഇറങ്ങിപ്പോയി. പക്ഷെ അവിടെ സുഗമമായി മീറ്റിംഗ് നടന്നു. ക്നാനായ സമുദായത്തിന്റെ ക്ഷണമനുസരിച്ച് വന്ന ബഹു. മന്ത്രി ഉൾപ്പെടെ എല്ലാവരും ആദിയോടന്ത്യം മീറ്റിംഗിൽ പങ്കെടുത്തു. ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെയാണ് മീറ്റിംഗ് പര്യവസാനിച്ചത്.

ഇപ്പോഴത്തെ ക്നാനായ കമ്മറ്റി മഹാഭൂരിപക്ഷത്തോടെ ക്നാനായ അസ്സോസിയേഷൻ അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവർ ആണ്. ഞങ്ങളുടെ കാലാവധി തീരുന്നതുവരെയും ക്നാനായ സമുദായത്തെ മറ്റുള്ള ക്രൈസ്തവ സഭകളുടെ ഒപ്പം എത്തിക്കുന്നതിന് ഞങ്ങൾ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കും. അതിൽ അസൂയ പൂണ്ടിട്ട് ഒരു കാര്യവുമില്ല.

വർഷങ്ങളായി നാശത്തിലേക്ക് കൂപ്പുകുത്തി കിടന്ന സമുദായത്തെയാണ് ഞങ്ങൾ പുനരുദ്ധരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ വാക്കുകൾ കൊണ്ട് പുനരുദ്ധരിക്കുകയല്ലാ, പ്രവർത്തിയിൽകൂടി കാണിച്ചു തരുകയാണ്. അപ്രേം സെമിനാരിയിൽ പരി.പാത്രിയർക്കീസ് ബാവ വന്നപ്പോൾ സമുദായ മെത്രാപ്പോലീത്ത കൊടുത്ത ഒരു ലക്ഷം വാങ്ങി പോക്കറ്റിലിട്ടു വാടകയ്ക്കു കസേര എടുത്തിട്ട് ബാവാ പോയപ്പോൾ വാടകക്കാർ തിരികെ കസേര കൊണ്ടുപോയ കമ്മറ്റിയല്ല ഇപ്പോൾ ഇവിടെ ഉള്ള കമ്മറ്റി എന്ന് ഓർക്കണം. ഞങ്ങൾക്കെതിരെ ഫെയ്ക്ക് ഐഡി യിൽ കൂടി വ്യക്തിഹത്യ ചെയ്ത് കുറെ വാറോലകൾകൂടി എഴുതുക. അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഈ വാറോല വരുന്നതു കൊണ്ട് ഞങ്ങൾക്ക് പ്രവർത്തിക്കുവാൻ ഉള്ളം ഊർജ്ജം നല്ലതുപോലെ കിട്ടുന്നുണ്ട് അതാണ് ഞങ്ങളുടെ ശക്തി.

സഹായ മെത്രാച്ചൻമാരെ ക്നാനായ കമ്മറ്റി നടത്തുന്ന ചടങ്ങുകളിൽ ക്ഷണിക്കാത്തതിന് ഒരു പാട് കാരണങ്ങളുണ്ട്. അവരെ മെത്രാച്ചൻമാർ ആക്കിയ ക്നാനായ അസ്സോസിയേഷനും ക്നാനായ ഭരണഘടനയ്ക്കും വിധേയപ്പെട്ട് പ്രവർത്തിച്ചാൽ ഞങ്ങൾ അവരേ കൈവെള്ളയിൽ കൊണ്ടു നടക്കും.

ക്നാനായ അസ്സോസിയേഷൻ വിളിച്ച് കൂട്ടണമെന്ന് ആവശ്യവുമായി കുറച്ച് അസ്സോസിയേഷൻ അംഗങ്ങൾ ഒരു ലെറ്റർ സമുദായ മെത്രാപ്പോലീത്തായ്ക്ക് അഡ്രസ്സ് ചെയ്തു കൊടുത്തു. സമുദായ സെക്രട്ടറിയ്ക്ക് അതിന്റെ കോപ്പി തരികയുണ്ടായി. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ ആണോ അതോ മറച്ചുവച്ചുകൊണ്ടാണോ ആ കത്ത് എന്ന് അറിയില്ല.

ഇപ്പോഴത്തെ ഭരണസമിതിയെ തെരഞ്ഞെടുത്തത് 2018 ഓഗസ്റ്റ് 31-ാം തീയതി ആണ്. അതിനുശേഷം 17 മാസത്തിനകം (ഒരു വർഷവും 5 മാസവും) 2020 ജനുവരി 28-ാം തീയതി വരെ ചരിത്രത്തിലാദ്യമായി 7 അസ്സോസിയേഷൻ മീറ്റിംഗുകൾ കൂടി. എല്ലാ കാര്യങ്ങളും അസ്സോസിയേഷനിൽ പാസ്സാക്കണം എന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് ഇത്രയും മീറ്റിംഗ് കൂടിയത്. അതിനുശേഷം 2020 മാർച്ച് മാസത്തിൽ കൊറോണ വ്യാപനംമൂലം ഗവൺമെന്റ് മീറ്റിംഗ് കൂടുവാൻ സമ്മതിച്ചില്ല. പലപ്രാവശ്യം കളക്ടർക്ക് അസ്സോസിയേഷൻ കൂടുന്നതിന് അപേക്ഷ കൊടുത്തു എങ്കിലും അനുവാദം ലഭിച്ചില്ല. 2022 മാർച്ചിൽ മീറ്റിംഗ് കൂടുന്നതിനുള്ള വിലക്ക് ഗവൺമെന്റ് പിൻവലിച്ചു.

ഉടൻ തന്നെ 2022 ഏപ്രിലിൽ അസ്സോസിയേഷൻ കൂടുവാൻ നോട്ടീസ് അയച്ചു. മെയ് 31 ചൊവ്വാഴ്ച 10.30 ന് അസ്സോസിയേഷൻ കൂടുന്നതിന് അജണ്ട ഉൾപ്പെടെ നോട്ടീസ് അയച്ചതാണ്.

ഇപ്പോൾ അസ്സോസിയേഷൻ പ്രസിഡന്റ് ഇല്ലാത്ത അവസ്ഥയാണ്. അതുപോലെ ട്രസ്റ്റിയും ഇല്ല. ക്നാനായകമ്മിറ്റി താൽക്കാലിക പ്രസിഡന്റിനേയും ട്രസ്റ്റിയേയും തെരഞ്ഞെടുത്ത് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഭരണഘ

ടനപ്രകാരം അസ്സോസിയേഷനിൽ അവരേ തെരഞ്ഞെടുക്കണം.

കൂടാതെ കൊറോണ ഉണ്ടായിരുന്ന രണ്ടുവർത്തെ കണക്ക് പാസ്സാക്കണം. ഇതൊക്കെ വിശദമായി അജണ്ടയിൽ ചേർത്താണ് നോട്ടീസ് അയച്ചത്.

എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ അസ്സോസിയേഷൻ കൂടുന്നതിന് രണ്ടു ദിവസം മുമ്പ് 2 അസ്സോസിയേഷൻ അംഗങ്ങൾ നോട്ടീസിലെ 6, 7 ഐറ്റം കോടതിയെ കൊണ്ട് സ്റ്റേ ചെയ്യിപ്പിച്ചു. അതായത് തെരഞ്ഞെടുപ്പ് തന്നെ സ്റ്റേ ചെയ്തിരിക്കുകയാണ്. പ്രസിഡണ്ട് ഇല്ലാതെ അസോസ്സിയേഷൻ കൂടുവാൻ സാധ്യമല്ല എന്ന് എല്ലാവർക്കുമറിയാം. ഈ സാഹചര്യത്തിൽ ഞങ്ങൾ ഈ വിധിക്ക് അപ്പീൽ കേസ് കൊടുക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോയപ്പോൾ അടുത്ത ഒരു IA അതേ കോടതിയിൽ വീണ്ടും ടി. ആളുകൾ തന്നെ കൊടുത്തു. അവരുടെ ആവശ്യം മൂന്നു വർഷം മാത്രമേ അസോസ്സിയേഷൻ കാലാവധി ഉള്ളു. അത് കഴിഞ്ഞ് ആയതിനാൽ അസോസ്സിയേഷൻ പിരിച്ചുവിടണം എന്നുള്ളതായിരുന്നു.

കോടതിയിൽ വാദത്തിനുശേഷം അസോസ്സിയേഷൻ പിരിച്ച് വിട്ട് 60 ദിവസത്തിനകം പുതിയ തെരഞ്ഞെടുപ്പ് നടത്തുവാൻ കോടതി ഉത്തരവായി. ഉത്തരവാദിത്വമുള്ള കമ്മറ്റി എന്ന നിലയിൽ അസോസ്സിയേഷൻ തീരുമാനം സ്റ്റേ ചെയ്യുന്നത് നോക്കി ഇരിക്കുവാൻ സാധിക്കാത്തതിനാൽ ക്നാനായ കമ്മിറ്റി അതിന് അപ്പീൽ കോടതിയിൽ വിശദമായി വിശദീകരിച്ച് വാദം നടത്തി. ദൈവാലയത്തിലെ ഭരണസമിതിയുടെ കാലവധി രണ്ടുവർഷം ആക്കിയത് അംഗീകരിച്ചു പ്രാബല്യത്തിൽ വന്നു കഴിഞ്ഞു അതുപോലെ കൂറെ ഫീസ്കൾ വർദ്ധിപ്പിച്ചത് ഒക്കെ പ്രാബല്യത്തിൽ വന്നു കഴിഞ്ഞ കാര്യമാണ് എന്ന് തുടങ്ങിയ വാദങ്ങൾ നടത്തിയതിന്റെ ഫലമായി അസോസ്സിയേഷൻ പിരിച്ചു വിടാനുള്ള താഴത്തെ കോടതി ഉത്തരവ് മേൽ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ് ഇതാണ് വസ്തുത.

ഈ കാര്യങ്ങൾ അസോസ്സിയേഷൻ അംഗങ്ങൾ എല്ലാവർക്കും അറിയാമോ എന്ന് സംശയമുണ്ട്.

ക്നാനായ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ അസോസ്സിയേഷൻ കൂടി അംഗീകരീക്കേണ്ടതായിട്ടുണ്ട്. അസോസ്സിയേഷൻ കൂടുന്നതിനോട് ക്നാനായ കമ്മറ്റിക്ക് നൂറുശതമാനം സമ്മതമാണ്. എന്നാൽ അതിനുള്ള സാഹചര്യം ഉണ്ടാക്കി തരണ്ടിയത് കേസ് കൊടുത്തവർ തന്നെയാണ്. ഇക്കാര്യങ്ങൾ മനസ്സിലാക്കാതെ കേസ് കൊടുത്തവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് പകരം, ക്നാനായ കമ്മിറ്റിയേയും, അസോസ്സിയേഷൻ സെക്രട്ടറിയേയും, സമുദായ മെത്രപ്പോലീത്തായേയും കുറ്റക്കാരായി ചിത്രീകരിക്കുന്നത് ഭൂഷണമല്ല.

രോഗം എവിടെയാണെന്ന് അറിഞ്ഞുവേണം ചികിത്സിക്കുന്നതിന് തുല്യമാണ് ചിലരുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ മനസ്സിലാകുന്നത്. ഏതു സമയവും ക്നാനായ അസോസ്സിയേഷൻ കൂടുവാൻ ഞങ്ങൾ തയ്യാറാണ്, ഞങ്ങൾക്ക് സന്തോഷവുമാണ്. പക്ഷേ അതിനുള്ള തടസം മാറ്റി തരുവാൻ കേസ് കൊടുത്ത് സ്റ്റേ വാങ്ങിയവരും അതുമായി ബന്ധപ്പെട്ടവരും കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിവുള്ളവരും മുന്നോട്ടുവരിക. പുതിയ അസോസ്സിയേഷൻ ഹാളിൽ നമുക്ക് ഒത്തൊരുമിച്ച് സന്തോഷത്തോടെ അസോസ്സിയേഷൻ കൂടാം. 2021/2022 ലെ കണക്കും റിപ്പോർട്ടും, ബഡ്ജറ്റും കഴിഞ്ഞ ദിവസം എല്ലാ അസോസ്സിയേഷൻ മെമ്പറന്മാർക്കും അയച്ചുകൊടുത്തു കഴിഞ്ഞു.

കോടതി വിധിയിൽനിന്നും എന്തെങ്കിലും പഴുത് ഉപയോഗിച്ച അസോസ്സിയേഷൻ കൂടുവാൻ പറ്റുമോ എന്നുള്ളതിന് ക്നാനായ കമ്മിറ്റിയും സമുദായ മെത്രാപ്പോലീത്തായും നിയമ ഉപദേശം തേടിയതിനനുസരിച്ച് ഫെബ്രുവരി പതിനഞ്ചാം തീയതി ഇപ്പോൾ സ്റ്റേ ഉള്ള മൂന്ന് വർഷമാണോ കാലാവധി എന്നതിനെക്കുറിച്ചുള്ള കേസ് വാദത്തിന് വരികയാണ് അതിനുശേഷം തീരുമാനിക്കാം എന്നാണ് നിയമോപദേശം കിട്ടിയത്.

ക്നാനായ സമുദായത്തിന്റെ ആത്മാഭിമാനത്തെപ്രതി ക്നാനായ സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ സഭയിലെ ദൈവാലയങ്ങളിൽ ക്ഷണിക്കാത്ത സാഹചര്യത്തിൽ യാക്കാബായ സഭയിലെ മെത്രാന്മാരെ, ഇതിനൊരു പരിഹാരം ഉണ്ടാകുന്നതുവരെ, ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ കാണിക്കേണ്ടതില്ല എന്ന് ക്നാനായ കമ്മിറ്റി തീരുമാനം സമുദായത്തിലെ എല്ലാ വൈദികർക്കും സർക്കുലർ ആയി വികാരി ജനറൽ അയച്ചിട്ടുള്ളതാണ്. എന്നിട്ടും തെങ്ങേലി പള്ളിയിലും കറ്റോട് പള്ളിയിലും ക്നാനായ കമ്മിറ്റി തീരുമാനം അംഗീകരിക്കാതെ പ്രവർത്തിച്ച വികാരിമാരോട് ക്നാനായ കമ്മിറ്റി ഒരു വിശദീകരണം ആവശ്യപ്പെട്ടിരുന്നു. കറ്റോടുപള്ളി വികാരി മാന്യമായ രീതിയിൽ വിശദീകരണം തന്നു, അതിൽ കമ്മിറ്റി സംതൃപ്തരുമാണ്. എന്നാൽ തെങ്ങേലി പള്ളി വികാരി കമ്മിറ്റിയുടെ വിശദീകരണത്തിന് ഒരു മറുപടിപോലും തരാത്ത സാഹചര്യത്തിൽ അടുത്ത ക്നാനായ കമ്മിറ്റി ഉചിതമായ തീരുമാനം എടുക്കുവാൻ സമുദായ മെത്രാപ്പോലിത്തായോട് ആവശ്യപ്പെടുന്നതിനോടൊപ്പം ഭരണഘടന 125 (B.5) അനുസരിച്ച് അയച്ച നോട്ടീസിന് ലീഗൽ ഒപ്പിനിയൻ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ക്നാനായ സമുദായത്തിലെ പ്രിയപ്പെട്ട വൈദിക ശ്രേഷ്ഠർ അറിയുവാൻ നമ്മുടെ സമുദായത്തിലെ വൈദീകർക്ക് തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ 50% വരെ ഡിസ്കൗണ്ട് കിട്ടുന്ന ഒരു സന്തോഷവാർത്ത അറിയിക്കുകയാണ്.

ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ നമ്മുടെ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ഓതറ നസ്രേത്ത് ഫാർമസി കോളേജിലെ കുട്ടികൾക്ക് ഇന്റൺഷിപ്പിന് ഹോസ്പിറ്റൽ സംവിധാനം കൊടുത്തിരുന്നത് കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിലായിരുന്നു. നിലവാരം കുറവാണ് എന്ന കാരണത്താൽ കുട്ടികളും മാതാപിതാക്കളും അസ്വസ്ഥരായിരുന്നു. ഇതുകാരണം ഞങ്ങൾ ബിലീവേഴ്സ് മെഡിക്കൽ കോളേജ് ഹോസ്പിറ്റലുമായി ബന്ധപ്പെട്ടപ്പോൾ അവർക്ക് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാം എന്ന് അവർ സമ്മതിക്കുകയും അതനുസരിച്ച് അവരുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. അവിടെയാണ് ഫാർമസി കോളേജിലെ കുട്ടികൾക്ക് ഇപ്പോൾ ഇന്റെൺഷിപ്പിന് ട്രയിനിങ്ങ് ലഭിക്കുന്നത്. കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും വളരെ സംതൃപ്തിയിലാണ്.

കൂടാതെ സമുദായത്തിന് ഒരു B.Sc നേഴ്സിംഗ് കോളേജ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ബിലീവേഴ്സ് മെഡിക്കൽ കോളേജുമായി ആയതിന് ആവശ്യമായ ക്ലീനിക്കൽ പോസ്റ്റിങ്ങിന് ഉള്ള സമ്മതപത്രം ഒപ്പിട്ടുകഴിഞ്ഞു. ക്നാനായ സമുദായവുമായി നല്ല ബന്ധത്തിലാണ് ബിലീവേഴ്സ് മെഡിക്കൽ കോളേജ് അധികൃതർ. സമുദായ മെത്രാപ്പോലീത്തായുടെയും സമുദായ നേതൃത്വത്തിന്റെയും ഇടപെടലിന്റെ ഫലമായി സമുദായത്തിലെ നമ്മുടെ വൈദിക ശ്രേഷ്ഠർക്കും കുടുംബാംഗ

*(ശേഷം പേജ് 9-ൽ)*

# ശ്രേഷ്ഠം ഈ പൗരോഹിത്യം

ഫാ. സിജിൽ ജോസ്, വിലങ്ങൻപാറ

സ്വർഗ്ഗത്തിന്റെ മഹത്തായ ദാനമാണ് പൗരോഹിത്യം. മാലാഖമാർപോലും ഭയത്തോടെ കാണുന്ന മഹാരഹസ്യമായ ദിവ്യ രഹസ്യങ്ങൾ അനുഷ്ഠിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. 'നിങ്ങളെന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ്' എന്ന യേശുതമ്പുരാന്റെ വാക്കുകളിൽ തന്നെ ഈ മഹത്തായ വിളിയുടെ ശ്രേഷ്ഠത തിളങ്ങി നിൽക്കുന്നു.

The priest is not his own എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധ സുവിശേഷ പ്രഘോഷകനായിരുന്ന ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പുരോഹിതരെ യാക്കോബിന്റെ ഗോവണിയായിട്ടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. (ഉല്പത്തി പുസ്തകത്തിൽ 28–ാം അദ്ധ്യായത്തിലാണ് യാക്കോബിന്റെ ഗോവണിയെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളത്.)

യാക്കോബ് സ്വപ്നം കണ്ട ഗോവണിയിലൂടെ കയറുകയും ഇറങ്ങുകയും ചെയ്ത മാലാഖമാരുടെ പ്രവർത്തനമാണ് പുരോഹിതർ നിർവ്വഹിക്കേണ്ടത്. ഭൂമിയിൽ നിന്നു ബലികളും പ്രാർത്ഥനകളും ദൈവ സന്നിധിയിലെത്തിക്കുകയും സ്വർഗ്ഗത്തിൽനിന്നും കൃപകളും അനുഗ്രഹങ്ങളും വാങ്ങി ഭൂമിയിലേക്കിറങ്ങുകയും ചെയ്യുന്ന സവിശേഷമായ ഒരു ദൗത്യ നിർവഹണം ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മധ്യസ്ഥരായി വർത്തിക്കുക എന്ന വിശിഷ്ടമായ ദൗത്യമാണു പുരോഹിതർക്കുള്ളത്.

ചിന്തകനായ ലക്കോർഡയർ ഒരു പുരോഹിതനെന്താണെന്നു ഇപ്രകാരം പറഞ്ഞു "ലോകത്തിൽ ജീവിക്കുന്നുവെങ്കിലും ലോകത്തിന്റേതല്ലാതെ, ആരുടെയും സ്വന്തമാകാതെ എല്ലാവരുടേതുമാകാൻ, എല്ലാ വേദനകളിലും പങ്കുചേരാൻ, എല്ലാ രഹസ്യങ്ങളിലേക്കും കടന്നുചെല്ലാൻ, എല്ലാ മുറിവുകളും സുഖപ്പെടുത്തുവാൻ, മനുഷ്യരുടെ പ്രാർത്ഥനകളുമായി ദൈവത്തിലേക്ക് പോകാൻ, ആശ്വസിപ്പിക്കാൻ, അനുഗ്രഹിക്കാൻ, പഠിപ്പിക്കാൻ, പാപം മോചിപ്പിക്കാൻ നീ എന്നേക്കും പുരോഹിതനായിരിക്കുന്നു."

കേവലം മാനുഷീക ബുദ്ധിമുട്ടുകൊണ്ട് അളക്കാനോ മനസിലാക്കാനോ കഴിയാത്ത അമൂല്യ നിധിയാണ് പൗരോഹിത്യം. മോശയെപ്പോലെ ദൈവത്തിന്റെ ചങ്ങാതിയാകാനും, അഹറോനെപ്പോലെ ദൈവതിരുമുമ്പിൽ കരങ്ങളുയർത്തുവാനും ശലോമോനെപ്പോലെ ദൈവത്തിന് ആലയം തീർക്കാനും അവസാനം ഒരു ബലിയായിത്തീരാനും വിളിക്കപ്പെട്ട ജീവിതം. യേശുതമ്പുരാനെക്കുറിച്ച് തിരുലിഖിതം ഇങ്ങനെ പറഞ്ഞു "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി ക്ഷതം ഏൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമ്മുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാം ഓരോരുത്തരും സ്വന്തം വഴിക്ക് പോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെ മേൽ ചുമത്തി. അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു". ഇതേ നിയോഗമാണ് ഓരോ പുരോഹിതനിലും ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത്. അറ്റുപോയ ദൈവ- മനുഷ്യബന്ധവും, മാനുഷിക ബന്ധങ്ങളും, സ്നേഹത്തിന്റെ നൂൽകൊണ്ട് തുന്നിച്ചേർക്കാനുള്ള വിളി.

ഇസ്രായേൽ ജനം കാനാൻ ലക്ഷ്യമാക്കി പോകുമ്പോൾ അവർക്ക് തടസ്സമായി ജോർദ്ദാൻ നദി മാറുന്നുണ്ട്. അപ്പോൾ ദൈവത്തിന്റെ കല്പന അനുസരിച്ച് പുരോഹിതന്മാരുടെ പാദങ്ങൾ ജലത്തെ സ്പർശിച്ചപ്പോൾ കൊയ്ത്തുകാലം മുഴുവൻ കരകവിഞ്ഞൊഴുകിയിരുന്ന ജോർദ്ദാൻ നിശ്ചലമാകുന്നു. നദിയുടെ ഒഴുക്ക് നിന്നു, അതു ചിറപോലെ പൊങ്ങി ജനം ജറീക്കോയ്ക്ക് നേരെ മറുകര കടക്കുന്നു. ഇവിടെ തടസ്സങ്ങൾ മാറ്റാൻ ദൈവം തന്റെ പുരോഹിതരെ നിയമിക്കുന്നത് നമ്മുക്ക് കാണാം.

പുരോഹിതരുടെ നിയോഗമാണത്. ദൈവ കല്പനകൾ അനുസരിച്ച് അജഗണത്തിന്റെ കഷ്ടതകളുടെ, വേദനകളുടെ, ഒറ്റപ്പെടലുകളുടെ, നിരാശകളുടെ ജോർദ്ദാൻ കടക്കുന്നതുവരെ ദൈവസന്നിധിയിലേക്ക് അജഗണത്തിന് വഴിയൊരുക്കുവാൻ, പ്രതിവിധി പണിയുവാൻ, അവരുടെ യാത്രയിൽ പ്രാർത്ഥനയുടെ ബലം നൽകാൻ, വിശ്വാസ ദീപം തെളിയിച്ച് വഴി നടത്താൻ, കരുതലോടെ കരം പിടിക്കാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ.

അധരത്തിൽ വചനം നിറച്ച് അത് അജഗണത്തിന് വിളമ്പുന്നവനാണ് പുരോഹിതൻ, ദൈവത്തിന്റെ സന്ദേശം ലോകത്തിന് വ്യാഖ്യാനിച്ച് നൽകുന്നവരാണ് പുരോഹിതൻ. ക്രിസ്തുവിന്റെ അന്ത്യത്താഴ വചനങ്ങൾ ഉരുവിടാനും (മത്താ. 26:26–29), വിശ്വാസ സമൂഹത്തിന്റെ നിരവധിയായ പാപങ്ങൾ മോചിക്കാനും (യോഹ. 2:21–23), സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാനും (യോഹ. 15:15, 1.കോരി 2:7), പ്രസംഗിക്കാനും പഠിപ്പിക്കുവാനും വചനം മുറിച്ചു നല്കുവാനും അധികാരം ലഭിച്ചവർ (മത്താ.16:15–18). ദൈവത്തിന് ദൈവജനത്തോടുള്ള സ്നേഹത്തിന്റെ അടയാളമാണ് പൗരോഹിത്യം. ഭക്തമനുഷ്യനായിരുന്ന ഫ്രാൻസിസ് അസ്സീസ്സി പറയുന്നു "ഒരു പുരോഹിതനെയും മാലാഖയെയും ഞാൻ കണ്ടാൽ ആദ്യം പുരോഹിതനെ അഭിവാദനം ചെയ്യും, കാരണം ദൈവത്തെ തൊട്ടു തലോടുന്നവനാണവൻ, കൈകളിലെടുത്ത് പകുത്ത് നൽകുന്നവനാണവൻ'.

സംഗീത സംവിധായകൻ അൽഫോൻസ് ജോസഫ് പൗരോഹിത്യത്തെക്കുറിച്ച് ഇപ്രകാരം എഴുതി "എല്ലാ മനുഷ്യരും, ജാതിമത വ്യത്യാസമില്ലാതെ എല്ലാക്കാലവും ഒരു റോൾമോഡലായി മനസ്സിൽ ആരാധിക്കുകയും അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ് പുരോഹിതൻ.

ഒരു ക്രൈസ്തവ പുരോഹിതനെ ലോകം താരതമ്യപ്പെടുത്തുന്നത് ക്രിസ്തുവിനോടാണ്. നമ്മുടെ പുരോഹിതരെ ലോകം കാണുന്നത് മറ്റൊരു ക്രിസ്തുവായാണ്."

സ്വർഗ്ഗത്തിന്റെ ശ്രേഷ്ഠമായ തിരഞ്ഞെടുപ്പാണ് പൗരോഹിത്യത്തിലേക്കുള്ള വിളി. ഏശയ്യാ പ്രവാചകൻ പൗരോഹിത്യത്തിലേക്കുള്ള മഹത്തായ വിളിയെക്കുറിച്ച് ഇപ്രകാരം പറഞ്ഞു "കർത്താവിന്റെ ഭവനത്തിലേക്ക് ഇസ്രായേൽക്കാർ ശുചിയായ പാത്രത്തിൽ ധാന്യവസ്തുക്കൾ കൊണ്ടുവന്നതുപോലെ അവർ നിങ്ങളുടെ സഹോദരന്മാരെ എല്ലാ ജനതകളിൽനിന്ന് കുതിരപ്പുറത്തും രഥങ്ങളിലും പല്ലക്കുകളിലും, കോവർ കഴുതയുടെയും ഒട്ടകത്തിന്റെയും പുറത്തു കയറ്റി എന്റെ വിശുദ്ധ ഗിരിയായ ജറുസലേമിലേക്ക് കാഴ്ചയായി കൊണ്ടുവരും. അവരിൽനിന്നും കുറേ പേരെ പുരോഹിതന്മാരായും ലേവ്യന്മാരായും ഞാൻ തിരഞ്ഞെടുക്കും, കർത്താവ് അരുളി ചെയ്യുന്നു". (ഏശയ്യാ. 66:20–21). പൗരോഹിത്യം എന്നത് ഒരു വ്യക്തിയുടെ സ്വന്തം ഇഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പല്ല. പിന്നെയോ അതു സ്വർഗ്ഗത്തിന്റെ തെരഞ്ഞെടുപ്പാണ്. ശാമുവേൽ എന്ന പ്രവാചകന്റെ രംഗപ്രവേശനത്തിനുവേണ്ടി അദ്ദേഹത്തിന്റെ അമ്മയെ ദൈവം ഒരുക്കുന്നത് തിരുവചനത്തിൽ നമ്മൾ കാണുന്നു. സ്വർഗ്ഗം ഒരു പുരോഹിതനെ ഉരുവാക്കാൻ ഒരു പദ്ധതി ആവിഷ്കരിച്ച ശേഷം അതിന് യോജിച്ച മാതൃത്വം കണ്ടെത്തുന്ന പ്രക്രിയ നമ്മെ അതിശയിപ്പിക്കുന്നു.

പുരോഹിതരിലൂടെ യേശുനാഥൻ തന്റെ ദൗത്യം അനസ്യൂതം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. പുരോഹിതർ അവർക്ക് ലഭിച്ച പൗരോഹിത്യമെന്ന മഹനീയദാനം സ്വീകരിച്ചത് അവരുടെ കഴിവിന്റെ അടിസ്ഥാനത്തിലോ, യോഗ്യതയുടെ അടിസ്ഥാനത്തിലോ അല്ല, മറിച്ച് അത് പൂർണ്ണമായും ലോകത്തിലെ തന്നെ ഏറ്റവും അയോഗ്യനായ മനുഷ്യന് ദൈവം കൊടുത്ത ദാനമാണ്. എന്തെന്നാൽ ദൈവം അവനെ അത്രയധികം സ്നേഹിച്ചു (മർക്കോ. 3:13). അത് അവന്റെ തിരഞ്ഞെടുപ്പല്ല മറിച്ച് അവനെ ക്രിസ്തു തിരഞ്ഞെടുക്കുകയായിരുന്നു (യോഹ.15:16). ആയതിനാൽ പൗരോഹിത്യത്തിലേക്കുള്ള വിളി ദൈവത്തിന്റെ മഹത്തായ ദാനമാണ്.

തിരുവചനത്തിൽ നമ്മൾ വായിക്കുന്നു. "ബലിപീഠവും തിരശ്ശീലയ്ക്കു പിന്നിലുള്ളവയും സംബന്ധിച്ചുള്ള പൗരോഹിത്യ ശുശ്രൂഷകളെല്ലാം നീയും പുത്രന്മാരും അനുഷ്ഠിക്കണം. നിങ്ങൾ തന്നെ അതു ചെയ്യണം. പൗരോഹിത്യ ശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്. മറ്റാരെങ്കിലും അതിനു തുനിഞ്ഞാൽ അവൻ മരണശിക്ഷ അനുഭവിക്കണം" (സംഖ്യ.18:1–7). ആയതിനാൽ, ദൈവം വിശുദ്ധീകരിച്ച കൂദാശകളുടെ പരികർമ്മ ശുശ്രൂഷ പൗരോഹിത്യത്തിനാണ് നൽകിയിരിക്കുന്നത്.

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുന്നതു മുതൽ തിരികെ മണ്ണിലേക്ക് പോകുന്നതുവരെ (From womb to Tomb) അവനെ അനുധാവനം ചെയ്യുന്നവരാണ് പുരോഹിതർ. മാമോദീസാ വെള്ളം തലയിൽ വീഴുന്നതു മുതൽ തുടങ്ങുന്നു ഒരു വ്യക്തിക്ക് പുരോഹിതരോടുള്ള അടുപ്പം. ഈ യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ ഉള്ളതുകൊണ്ടുതന്നെ ഓരോ പുരോഹിതനുംവേണ്ടി പ്രാർത്ഥിക്കാൻ നമ്മുക്ക് കടമയുണ്ട്. അതുപോലെതന്നെ അവരെ സ്നേഹിക്കാനും ബഹുമാനിക്കാനും.

## ശുഭചിന്തകൾ

**തർക്കങ്ങളും, വഴക്കുകളും ആളുകളെ ഭിന്നിപ്പിക്കാനും മനസ്സുകൾ തമ്മിൽ അകറ്റാനും കാരണമാവുന്നു. തർക്കിച്ച് കാര്യം നേടുന്നവർ സത്യത്തിൽ ഒന്നും നേടാത്തവരെ പോലെയാണ്**

**വിട്ടുവീഴ്ചകൾ ഒരിക്കലും പരാജയമോ കീഴടങ്ങലോ അല്ല; അതു ബന്ധങ്ങളെ കൂടുതൽ ഈടുറ്റതാക്കും.**

---

**സുഗന്ധമുള്ള പൂക്കൾ എടുത്താൽ അവ എടുക്കുന്ന കൈകൾക്കും സുഗന്ധം പകരും. അതുപോലെ തന്നെയാണ് നല്ല മനസ്സുള്ളവരും. അവരെ സമീപിക്കുന്നവർക്കെല്ലാം അവർ നന്മയുടെ സുഗന്ധം പരത്തും.**

**നമുക്കും നന്മയുടെ വാഹകരാവാം.**

## *സമുദായ വാർത്തകൾ*

*(പേജ് 7 തുടർച്ച)*

ങ്ങൾക്കും ബിലീവേഴ്സ് ഹോസ്പിറ്റലിൽ ഏതെങ്കിലും അവസരത്തിൽ ട്രീറ്റ്മെന്റ് ആവശ്യമായി വന്നാൽ അവരുടെ ബില്ലിൽനിന്നും വാർഡിൽ അഡ്മിറ്റ് ചെയ്യുന്നവർക്ക് 50 ശതമാനം വരെയും, ICU, Emergency തുടങ്ങിയവയ്ക്ക് 30 ശതമാനവും, Registration,OPD, Pharmacy, Privet Room തുടങ്ങിയവയ്ക്ക് 10 ശതമാനവും ഡിസ്കൗണ്ട് ചെയ്ത് കിട്ടുന്നതിനുള്ള പ്രിവിലേജ് കാർഡ് വൈദികർക്ക് നൽകാമെന്ന് ഹോസ്പിറ്റൽ അധികൃതർ സമ്മതിച്ചിട്ടുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുന്നു.

ഈ ഫെസിലിറ്റി ഉപയോഗിക്കുവാൻ താല്പര്യമുള്ള ബഹു. വൈദികർ അവരുടെ പാസ്പോർട്ട് സൈസിലുള്ള ഒരു ഫോട്ടോ സമുദായ ഓഫീസിൽ എത്തിക്കുകയോ സമുദായ സെക്രട്ടറിയുടെ വാട്സാപ്പിൽ ഇടുകയോ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

സമുദായ ഓഫീസിൽനിന്ന് തന്നെ പ്രിവിലേജ് കാർഡ് വൈദികർക്ക് ലഭിക്കുന്നതായിരിക്കും. അമേരിക്കയിലെ ചിക്കാഗോ ദൈവാലയത്തിലെ ഇടവക ജനത്തിന്റെ ആത്മീയ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുന്ന ബഹു വൈദികരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

ക്നാനായ സമുദായ മാനേജിങ്ങ്
കമ്മിറ്റിക്കുവേണ്ടി,
സമുദായ സെക്രട്ടറി
**റ്റി. ഒ. എബ്രഹാം തോട്ടത്തിൽ**

# ഒരമ്മയുടെ സ്നേഹത്തിന്റെ കവിത

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ

വാത്സല്യ നിധിയായ ഒരമ്മ തന്റെ ശാശ്വത ഭവനത്തിലേക്ക് യാത്രയായി. കുടുംബ ഭദ്രതയ്ക്കുവേണ്ടി അവർ അഹോരാത്രം അദ്ധ്വാനിച്ചു. ഭൗതിക സൗകര്യങ്ങൾ ഏറെയുണ്ടായി. എങ്കിലും അവരുടെ മാതൃ ഹൃദയങ്ങളിൽ ഒട്ടേറെ നിരാശയും വേദനയുമുണ്ടായിരുന്നു.

അവരുടെ ശവസംസ്ക്കാര ശുശ്രൂഷ ചടങ്ങുകൾ ആർഭാടപൂർവ്വം നിർവ്വഹിക്കപ്പെട്ടു. രണ്ടുമൂന്നു ദിവസങ്ങൾക്കുശേഷം അവരുടെ മകൻ അമ്മയുടെ പെട്ടികളും അലമാരകളും പരിശോധിച്ചപ്പോൾ അമ്മയുടെ സ്വന്തം കയ്യക്ഷരത്തിൽ എഴുതിയിട്ടുള്ള ഒരു കടലാസ് കണ്ടു. അത് ഒരു കവിതാശകലമാണന്നു തോന്നി. ജിജ്ഞാസയോടും കൗതുകത്തോടും അതു വായിച്ചു. എന്നാൽ, വായിച്ചു തീർന്നപ്പോൾ ലജ്ജയും കുറ്റബോധവും അവന്റെ മനസ്സിൽ ഇരച്ചുകയറി. അവന്റെ കൃത്യവിലോപത്തെപ്പറ്റിയും പരാജയത്തെപ്പറ്റിയും ചിന്തിച്ചപ്പോൾ അവൻ ഏറെ അസ്വസ്ഥനായി.

കവിതയുടെ ശീർഷകം – "സമയം ഇപ്പോൾ ആകുന്നു." ഒരുപദേശിയുടെ പ്രസംഗത്തിന്റെ ധ്വനിയാണ് ആ വാക്കുകൾ ഉയർത്തിയത്. കവിതയിൽ മാതാവ് മകനെ സംബോധന ചെയ്തിരിക്കുന്നതായി അവന് ബോധ്യപ്പെട്ടു. കവിത ഇങ്ങനെ;



"നീ എന്നെങ്കിലും എന്നെ സ്നേഹിക്കുവാൻ ഒരുങ്ങുന്നു എങ്കിൽ അത് ഇപ്പോൾ ആകട്ടെ.

ആദ്ര വികാരങ്ങളിൽ നിന്നുയരുന്ന
മാധുര്യമൂറുന്ന സ്നേഹാദരങ്ങൾ ഉതിരു-
ന്നതു മനസ്സിലാക്കുവാൻ കഴിവുള്ള
ഇപ്പോൾ ആകട്ടെ എന്റെ വേർപാടു
വരെ കാത്തിരിക്കാതെ ഞാൻ ജീവിച്ചിരി-
ക്കുമ്പോൾ എന്നെ സ്നേഹിക്കുക, ഞാൻ
മരിച്ചു കഴിയുമ്പോൾ ഇമ്പമുള്ള വാക്കുകളും
വാക്യങ്ങളും മരവിച്ച മാർബിൾ ഫലകത്തിൽ
കൊത്തി വച്ചിട്ട് എന്തു പ്രയോജനം?

നിനക്ക് എന്നെക്കുറിച്ച് ചിന്തയും കരുതലും ഉണ്ടെങ്കിൽ അത് ഇപ്പോൾ ഞാൻ ജീവിച്ചിരിക്കുമ്പോൾ വെളിപ്പെടട്ടെ. ഞാൻ നിത്യതയിലേക്ക് വഴുതി വീഴുന്നതുവരെ കാത്തിരിക്കാതെ ഇപ്പോൾ ആകട്ടെ. മരണം നിന്നിൽനിന്ന് എന്നെ വേർപെടുത്തുമ്പോൾ ഞാൻ നിന്റെ വാക്കുകൾ കേട്ടില്ല എന്നു വരുമെന്നോർക്കുക. അവഗണനയും നിരാശയും നിമിത്തം നീറിപ്പുകയുന്ന ഹൃദയത്തിൽ നിന്നുയർന്ന ഈ വാക്കുകൾ കൂരമ്പുപോലെ അവന്റെ ഹൃദയത്തെ കുത്തിത്തുളച്ചു. അവൻ എഴുതി; "അമ്മ എന്നേക്കുമായി എന്നെ വിട്ടുപോയി. ഞാൻ കുറ്റബോധംകൊണ്ട് നീറിപുകയുന്നു. അമ്മയോട് എനിക്ക് ആത്മാർത്ഥമായ സ്നേഹമുണ്ടായിരുന്നു. പക്ഷേ, അത് വെളിപ്പെടുത്താനോ അമ്മയെ ബോധ്യമാക്കോനോ കഴിയാത്തതിലുള്ള ദുഃഖം എന്നെ കാർന്നുതിന്നുന്നു. അമ്മ അർഹിക്കുന്ന വിധത്തിലും ആഗ്രഹിച്ച വിധത്തിത്തിലും അമ്മയോട് പെരുമാറാൻ എനിക്കു കഴിഞ്ഞില്ല. ഇനിയും ഞാൻ അതിൽ ദുഃഖിച്ചിട്ടെന്തു പ്രയോജനം! എന്നേപ്പോലെയുള്ള മകനും, മകളും നിറഞ്ഞതാണല്ലോ ഈ സമൂഹം. അവർക്ക് എന്റെ ഈ കുറിപ്പ് പ്രയോജനപ്പെടുമെന്നുള്ള പ്രത്യാശയിൽ ഞാൻ രേഖപ്പെടുത്തുന്നു."

ഇന്നത്തെ ഈ സമൂഹത്തിൽ ഈ മാതാവിന്റ വാക്കുകൾ മനസ്സിൽ കൊണ്ടു നടക്കുന്ന അമ്മമാർ അനവധിയാണ്. മുൻമ്പെങ്ങും ഉണ്ടായിരുന്നതിനേക്കാൾ വളരെയേറെ ആയിരിക്കും അവരുടെ സംഖ്യ.

വാർദ്ധ്യക്യത്തിലെത്തിയ പല മാതാപിതാക്കൾക്കും പറയുവാനുള്ളത് പോറ്റി വളർത്തിയ മക്കളുടെ ഇത്തിരി സ്നേഹത്തിനായി, അവരുടെ സാന്നിദ്ധ്യം വരുത്തുന്ന സന്തോഷത്തിനായി ഏറെ ദാഹിക്കുന്നു എന്നതാണ്. അവർ ജീവിച്ചിരിക്കുമ്പോൾ നൽകാൻ കഴിയാത്ത സ്നേഹവും കരുതലും മരണാനന്തരം പ്രകടിപ്പിച്ചിട്ടെന്തു പ്രയോജനം.

"ശിഷ്യൻ ഗുരുവിനോടു ചോദിച്ചു
എന്താണ് സ്നേഹം? ഗുരു പറഞ്ഞു:
ഇറുത്തെടുക്കുന്നവന്റെ കയ്യിലിരുന്ന്
ഞെരിഞ്ഞമരുമ്പോഴും പൂവ് പൊഴി-
ക്കുന്ന സുഗന്ധമാണ് സ്നേഹം".

## വിവാഹിതരായി



Advt - S

കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പച്ചംകുളത്ത് ബാബു ഏബ്രഹാമിന്റെയും ജിജി ബാബുവിന്റെയും മകൻ **Bibin P. Babu** ഉം ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ മടുക്കമൂട്ടിൽ മാത്യു എം. ഏലിയാസിന്റെയും ബീനാ മാത്യുവിന്റേയും മകൾ **Roshna Mathew** ഉം തമ്മിലുള്ള വിവാഹം 5-01-2023 കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ **ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു

## വിവാഹിതരായി



Advt - O

ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ കവലയ്ക്കൽ കെ. എം. മത്തായി (Raby) യുടെയും ലെനി മത്തായിയുടെയും മകൻ **Mathew Raby** യും റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ വടക്കേഇളംപുരയിടത്ത് ഷിബു കുറിയാക്കോസിന്റെയും സോണി ഷിബുവിന്റെയും മകൾ **Aiswarya** യും തമ്മിലുള്ള വിവാഹം 2022 ഡിസംബർ 29-ാം തീയതി **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ** പ്രധാന കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടത്തപ്പെട്ടു.

## Happy 40th Wedding Anniversary
**10-02-2023**



## Mrs. Mariamma Thomas & Mr. Jacob Thomas (Raju)
**Kadaloor House, Kaviyoor, Thiruvalla**

"ഇത്രത്തോളം യഹോവ സഹായിച്ചു. ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

**Son - Justin Thomas Jacob & Sam Joseph Jacob**
**Daughter - Priyanka Thomas**
**Grandson - Jeroen Jacob Thomas**

Advt - G

## Ph.D in Physics



**Dr. Paven Thomas Mathew Ph.D in Physics from University College Dublin, Ireland,** s/o Mr. Mathew Abraham and Mrs. Anu Mathew Ampalappattu, Thiruvanvandoor. Wife : Mrs. Haritha Jacob, Thuruthekudiyil, Ramamangalam (Pharmacist and Ph.D. candidate in Ireland) He currently works as journal Specialist at Frontiers in Dublin, Ireland.

**With Best complements:**
**Amelia Ann Mathew (Daughter),**
**Dr. Allen Mathew and Sneha Allen (Dublin)**

Advt - O

## Congratulations



Advt - O

കർണാടക രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് **MBBS** പാസ്സായ **Blesson Jacob** പടിഞ്ഞാറ്റോതറ സെന്റ് ഗ്രീഗോറിയോസ് പള്ളി ഇടവകയിൽപ്പെട്ട കന്നാകുഴിയിൽ ജേക്കബ് കുട്ടിയുടെയും ഷെർലി ജേക്കബിന്റെയും മകനാണ്.



Advt -O



## $42^{nd}$ Wedding Anniversary
15-02-2023



Advt -S

**V. T. Chandy & Lizy Chandy**
**Vadakkethalackal, S. Puram**

Happy anniversary appacha & ammachi. We love you.
From Zane, Vania & Lucas



## Happy $44^{th}$ Wedding Anniversary
29-01-2023



Advt - O

**M. C. Kuriakose**
**&**
**Leelamma Kuriakose**
**Kizhakkemundackal, Thiruvanvandoor**

With love Vania

# ST. MATHEW'S KNANAYA CHURCH

## NOTTINGHAM, EAST MIDLANDS

Email : stmathewsknanayachurch@gmail.com

വി. മത്തായി സ്ലീഹയുടെ നാമത്തിൽ ക്നാനായ സമുദായത്തിലെ പുതിയ ദേവാലയം UK യിലെ ഈസ്റ്റ് മിഡ്‌ലാൻഡിൽ സ്ഥാപിതമായി. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി കുര്യാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അനുഗ്രഹത്തോടും ആശീർവാദത്തോടും കൂടെ അഭി. ഡോ. ആയുബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത ദേവാലയ പ്രഖ്യാപനം നടത്തുകയും റവ. ഫാ. ജോമോൻ പുന്നൂസ് കശ്ശീശായെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു.

**Committee Members:**



Rev. Fr. Jomon Punnoose Kochuparambil (Vicar)




Kuruvilla Thomas Ottathycal Aythala (Trustee)



Anil George, Kaleekal, Thiruvanvandoor (Secretary)



Jomon Jose Vadakke Elampurayidathil, Ranny ( Committee Member)




Moncy Thomas Kulathumkal, Aythala (Committee Member)



Tibin Abraham Nediyakalayil, Velloothurathy (Committee Member)



Vinoj Simon Arackaperumath, Aythala (Committee Member)



Aju Jacob Panachayil, Kattode (Committee Member)




Jerin James Pazhayattu, Thonikadavu (Committee Member)



Maju Thomas Mundaplackal, Edakulam (Auditor)

Advt - O

# പരീക്ഷയ്ക്ക് ഒരുങ്ങാം, തികഞ്ഞ ആത്മവിശ്വാസത്തോടെ!



സുനിൽ ഡി. കുരുവിള

പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ!

പരീക്ഷ ഏറെക്കുറെ എല്ലാവർക്കും തുല്യ അവസരങ്ങൾ ആണ് നൽകുന്നത്.

എന്നാൽ അതിനോട് നമ്മൾ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതാണ് അതിന്റെ result നെ വ്യത്യസ്തമാക്കുന്നത്! ചിലർ പരീക്ഷയെ നെഗറ്റീവ് ആയി കാണുന്നു. "എന്തിനാണ് ഈ പരീക്ഷ?" '

ഇതൊരു ശല്യമാണല്ലോ!

അവരുടെ സ്ഥിരം അലസതയ്ക്കും ശീലങ്ങൾക്കും വിനോദങ്ങൾക്കും ഒക്കെ പരീക്ഷ തടസ്സമാണെന്നു മനസ്സിലാക്കുന്നു!

ചിലർ പരീക്ഷയെ പേടിക്കുന്നു. വലിയ ആകുലതയും ടെൻഷനും ഒക്കെ ആയി അതിനെ സമീപിക്കുന്നു. സമാധാനം നഷ്ടപ്പെടുന്നു! എന്നാൽ മറ്റു ചിലർ പരീക്ഷയ്ക്കായി കാത്തിരിക്കുന്നു! അവർ Systematic ആയി പഠിക്കുന്നവരാണ്. അവർക്കു അവരെ test ചെയ്യാൻ- improve ചെയ്യാനുള്ള വലിയ അവസരമായി പരീക്ഷയെ കാണുന്നു! എല്ലാവരും equal ആയ ഒരു ക്ലാസ്സിൽ അല്ലെങ്കിൽ സമൂഹത്തിൽ അവർ performance കൊണ്ട് വ്യത്യസ്ഥരാകാനും വലിയ നേട്ടങ്ങൾ സ്വന്തമാക്കാനും ആഗ്രഹിക്കുന്നു! ചെറിയ ക്ലാസ്സ് മുതലെ systematic ആയി പഠിക്കുകയും perform ചെയ്യുകയും achieve ചെയ്യുകയും ഒക്കെ ചെയ്യുന്നവർക്കാണ് വലിയ അവസരങ്ങൾ ലഭിക്കുക. ഇവരെ നല്ല 'track record' ഉള്ളവർ എന്നാണ് കോർപ്പറേറ്റ് തൊഴിൽ രംഗത്തൊക്കെ ഇത്തരക്കാരെ അടയാളപ്പെടുത്തുക. താൽക്കാലിക സുഖങ്ങൾക്കും ആനന്ദങ്ങൾക്കും അലസതയ്ക്കും ആസക്തിക്കും ഒക്കെ അടിമപ്പെടുമ്പോൾ നമ്മൾ നഷ്ടപ്പെടുത്തുന്നത് വലിയ ഒരു ഭാവിയും അവസരങ്ങളും സാധ്യതകളും ആണ് എന്ന് മറക്കരുത്! പരീക്ഷ വലിയ ഒരു സാധ്യതയാണ് - അവസരമാണ്!

നല്ല ഒരു വിദ്യാർത്ഥിക്ക് പരീക്ഷ കൂടുതൽ ശുഷ്ക്കാന്തിയോടെ പഠിക്കാനുള്ള പ്രേരണയാണ്..... അതൊരു ആവേശവും സന്തോഷവും അവരിൽ നിറക്കുകയും ചെയ്യും!

പരീക്ഷ ഒരു അറിവിന്റെ വിലയിരുത്തൽ മാത്രമല്ല. ഒരുപാടു നൈപുണ്യങ്ങൾ നേടാനുള്ള ഒരു വേദികൂടിയാണ്. പുതിയ കാലത്തു അറിവിനേക്കാൾ തൊഴിൽ രംഗത്ത് നൈപുണ്യങ്ങൾക്കാണ് ഡിമാന്റ്. പരീക്ഷ നൈപുണ്യങ്ങളുടെ കലവറകൂടിയാണ്. ഓരോ വിഷയവും മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവ്, അപഗ്രഥിക്കാനും അതിന്റെ പ്രായോഗികത (application) തിരിച്ചറിയാനുള്ള കഴിവ്, ആസൂത്രണം ചെയ്യുക, നന്നായി എഴുതുക, ക്രിയാത്മകമായി ചിന്തിക്കുക, സമയം മാനേജ് ചെയ്യുക, ഉത്തരത്തെ organise ചെയ്യുക, പ്രശ്നം പരിഹരിക്കുക..... ഇങ്ങനെ പല നൈപുണ്യങ്ങളും പരീക്ഷയിലൂടെ നേടാൻ കഴിയും. നമ്മുടെ ആത്മവിശ്വാസവും വൈകാരിക ബുദ്ധിശക്തിയും മാനസീക ആരോഗ്യവും ഒക്കെ ഒരു പരിധിവരെ വിലയിരുത്താൻ പരീക്ഷകാലം നമ്മളെ സഹായിക്കും. ബുദ്ധിയുള്ളവർ ഇതെല്ലാം കൃത്യമായി മനസ്സിലാക്കി വ്യക്തി വികസനം ആസൂത്രണം ചെയ്യും!

പരീക്ഷയെ ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും നേരിടാൻ ശീലിക്കുന്നതിലൂടെ ജീവിതത്തെയും നേരിടാൻ പഠിക്കും. വെല്ലുവിളികളെ ഏറ്റെടുക്കാനും വീഴ്ചകളെ അതിജീവിക്കാനും കരുത്തുനേടും.

മികച്ച പഠനം ഭാവി ഉറപ്പാക്കും! പ്രവേശന പരീക്ഷകൾ ഒക്കെ നേരിടാൻ തയ്യാറാകും. മികച്ച റിസൾട്ട് ഉന്നതമായ ഉപരിപഠന സാദ്ധ്യതകൾ നൽകും. നല്ലൊരു വിദ്യാർത്ഥിക്ക് നല്ല സ്ഥാപനങ്ങളിൽ ഒക്കെ പഠിക്കാനും നല്ല തൊഴിൽ അവസരങ്ങൾ നേടിയെടുക്കാനും അവസരം ലഭിക്കും.

കൗമാരം ബുദ്ധിപരമായി 'നിക്ഷേപിക്കുന്നവർ' ഉന്നതമായ ലൈഫ് ടൈം achievements നേടും. ഓർക്കാം! സെൽ ഫോണിൽ 'ഗെയിം' കളിച്ചിരുന്നാൽ വലിയ നഷ്ടമായിരിക്കും ഫലം! അറിവും നൈപുണ്യങ്ങളുമാണ് ആധുനിക ലോകത്തെ സാധ്യതകളുടെ കവാടത്തിന്റെ താക്കോൽ.

മോഡൽ എക്സാം ഒക്കെ നന്നായി വിലയിരുത്താം. എവിടെയൊക്കെയാണ് Improve ചെയ്യേണ്ടത്, കണ്ടെത്താം. അദ്ധ്യാപകർ തരുന്ന last minute നിർദ്ദേശങ്ങൾ ഒക്കെ ശ്രദ്ധിക്കാം. ഓരോ വിഷയവും ഒന്ന് വിശകലനം ചെയ്യാം. syllabus എത്ര, എന്തെല്ലാം പഠിച്ചു, ഇനി എന്തെങ്കിലും ബാക്കിയുണ്ടോ? അറിയാൻ വയ്യാത്ത ഭാഗമുണ്ടോ, ആരുടെയെങ്കിലും ഹെൽപ്പ് എടുക്കേണ്ടതുണ്ടോ? ഒരു ടൈം ടേബിൾ തയ്യാറാക്കാം. Exam time table കൂടി പരിഗണിച്ചു വേണം അത് തയ്യാറാക്കാൻ. അനാവശ്യ യാത്രകൾ ആഘോഷങ്ങൾ ഒക്കെ ഒഴിവാക്കാം. പുറത്തു നിന്നുള്ള ആഹാരം കഴിവതും ഉപേക്ഷിക്കാം. നല്ല പോഷക സമൃദ്ധമായ ആഹാരം ശീലിക്കാം. അമിത ആഹാരം വേണ്ട. ധാരാളം വെള്ളം കുടിക്കാനും fruits കഴിക്കാനും ഒക്കെ ശ്രമിക്കാം. ചൂട് കൂടുകയല്ലേ?

ട്യൂഷൻ സെന്ററിൽ അല്ല വീട്ടിൽ ഇരുന്നു പഠിക്കുക! സത്യസന്ധവും അർപ്പണബോധവും ഉയർന്നു നിൽക്കട്ടെ! ഇത് എന്റെ ജീവിതവും എന്റെ ഭാവിയും എന്റെ ഉത്തരവാദിത്വവും മാത്രമാണ്, ഓർക്കാം!!!

Meditation, യോഗ, പ്രാർത്ഥന ഒക്കെ concentration വർദ്ധിപ്പിക്കാനും ഓർമ്മശക്തി കൂട്ടാനും മനസ്സ് ലക്ഷ്യത്തിൽ തന്നെ കേന്ദ്രീകരിക്കാനും ഉൽക്കണ്ഠ കുറക്കാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഒക്കെ സഹായിക്കും. പഠിത്തത്തോടൊപ്പം ഇടയ്ക്കു അല്പം വിശ്രമിക്കാനും ആവശ്യത്തിന് ഉറങ്ങാനും relax ചെയ്യാനും ഒന്നും മറക്കേണ്ട. ശുചിത്വം വളരെ പ്രധാനം. അല്പം വ്യായാമവും ഉത്തമം.

ആധുനിക ലോകം result മാത്രമെ വിശ്വസിക്കുകയുള്ളു.

എല്ലാം ഡിജിറ്റൽ ആയി മാത്രമാണ് വിലയിരുത്തുന്നത്. Performance ആണ് എവിടെയും നിലനിൽക്കാനുള്ള ഒരേ യൊരു മാർഗ്ഗം! നാളെ ദുഃഖിക്കരുത്. കഴിവിന്റെ പരാമധി പരിശ്രമിക്കാം! നല്ല result നേടാം..

**"ശാന്തമായ കടൽ ഒരു ശക്തനായ നാവികനെ സൃഷ്ടിക്കുകയില്ല"**

കാഠിന്യമുള്ളതിനെ നേരിടാൻ മനസ്സൊരുക്കാം. കടുത്ത മത്സരങ്ങളിലൂടെയാണ് ചാമ്പ്യൻമാർ രൂപപ്പെടുന്നത്. വെറു കളിക്കാരനല്ല; കളിയുടെ ഗതി മാറ്റാൻ കഴിവുള്ളവരാകാം.

പഠനത്തിലും sportsman spirit അനിവാര്യമാണ്. ഒരല്പം കൂടുതൽ work ചെയ്യാൻ – മനസ്സിലാക്കാൻ – കൂടുതൽ മികച്ച ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കാം!

**മാതാപിതാക്കൾ ശ്രദ്ധിക്കുക:**

അമിത പ്രതീക്ഷ ഗുണത്തിലേറെ ദോഷം ചെയ്യും. പരീക്ഷ എന്തോ 'യുദ്ധ' മാണെന്നുള്ള രീതിയിൽ പെരുമാറുന്ന സ്കൂളുകൾക്കും അദ്ധ്യാപകർക്കും 'ചികിത്സ' ആവശ്യമാണ്. ചില ട്യൂഷൻ സെന്ററുകൾ മാനസിക പീഡനകേന്ദ്രങ്ങളാണ്.

കുട്ടിക്കാലം മുതലേ വിദ്യാർത്ഥികളിൽ ആരോഗ്യപരമായ ജീവിത വീക്ഷണവും, വിദ്യാഭ്യാസ കാഴ്ചപ്പാടും ഉയർന്ന മനോഭാവവും നൽകാം.

നല്ല ഭക്ഷണം പാകം ചെയ്യാം. നല്ല പോഷക ഗുണമുള്ള ഭക്ഷണം ഈ സമയത്തു കുട്ടികൾക്ക് വളരെ ആവശ്യമാണ്. ധാരാളം വെള്ളം കുട്ടികൾക്ക് ആവശ്യമാണ്. ഓർക്കുക. എല്ലാവരും ഒരുപോലെയല്ല. ഓരോരുത്തരുടെയും കഴിവും ബുദ്ധിയും ഒക്കെ വ്യത്യസ്തമാണ്. അതുകൊണ്ടു തന്നെ താരതമ്യം വേണ്ട. ആരോടും മത്സരിക്കുകയും വേണ്ട. ഓരോരുത്തരും അവരവരുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കുക. സ്ഥിരമായി പരിശ്രമിക്കുന്നവർ ആണ് ചാമ്പ്യന്മാരാകുന്നത്.

വീട്ടിൽ മാതാപിതാക്കളുടെ സാന്നിദ്ധ്യം കഴിയുന്നത്ര ഉറപ്പാക്കുക. കുട്ടികൾ പഠിക്കുമ്പോൾ T.V.വെക്കാതിരിക്കുക. നിങ്ങളുടെ സാമിപ്യം 'സമർദ്ദമാകാതെ' നോക്കണം. കുറ്റപ്പെടുത്താതെ പഠിക്കാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അവരെ കേൾക്കാനും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും ശ്രമിക്കുക. അമിതമായ പേടി, ആശങ്ക ഉണ്ടെങ്കിൽ പരിഹാരം തേടുക. അമിത ഉത്കണ്ഠ ഉള്ള കുട്ടികൾക്ക് കൗൺസിലിംഗ് ഗുണം ചെയ്യും.

ഉറക്കം, വിശ്രമം, അല്പം വിനോദം ഒക്കെ കുട്ടികൾക്ക് ആവശ്യമാണെന്നോർക്കുക. അമിതമായ ട്യൂഷൻ ഗുണം ചെയ്യില്ല. പഠനം – ഗ്രഹിക്കൽ ആണ് നടക്കേണ്ടത്. കുട്ടികൾ കംബൈൻഡ് സ്റ്റഡി നടത്തുന്നത് നല്ലതാണ്. മുതിർന്നവർ ശ്രദ്ധിക്കണം എന്നുമാത്രം അവനവന്റെ കുട്ടികളെ കുറിച്ച് മാതാപിതാക്കൾക്ക് യാതാർത്ഥ്യബോധം വേണം. Over expectation, താരതമ്യം ഗുണത്തിലേറെ ദോഷം ചെയ്യും. കുട്ടികൾക്ക് പഠിക്കാൻ പാകത്തിന് പോസിറ്റീവ് ആയ പഠനാത്മകമായ അന്തരീക്ഷം വീട്ടിൽ രൂപപ്പെടുത്താൻ എല്ലാവരും ശ്രമിക്കുക. ഒരുമിച്ച് പ്രാർത്ഥിക്കാനും ഭക്ഷണം കഴിക്കാനും സമയം കണ്ടെത്താം.

അനാവശ്യ യാത്രകൾ, ആഘോഷങ്ങൾ ഒഴിവാക്കാം. മോഡൽ പരീക്ഷയ്ക്ക് മാർക്കു കുറഞ്ഞാൽ അതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുക.

പരീക്ഷ യുദ്ധമല്ല, പരീക്ഷയ്ക്കും മാർക്കിനുമപ്പുറത്തും വിദ്യാഭ്യാസത്തിനു ധാരാളം സാധ്യതകളും ലക്ഷ്യങ്ങളുമുണ്ട്. നമ്മുടെ മക്കൾ പരീക്ഷയെക്കാളും പ്രധാനമാണ് എന്നോർക്കുക. അവരുടെ ആത്മവിശ്വാസം അഭിമാനബോധം തകർക്കാതിരിക്കുക.

മാതാപിതാക്കളുടെ പൊങ്ങച്ചം കാണിക്കാനും, ആർത്തി സംരക്ഷിക്കാനും ഉള്ള ഉപകരണങ്ങൾ അല്ല കുട്ടികൾ, മാതാപിതാക്കൾ അവരവരുടെ കർമ്മ മേഖലകളിൽ ധാരാളം നന്മചെയ്യുകയും നല്ല മാതൃക ആയിരിക്കുകയും ചെയ്യുക. എല്ലാവർക്കും സമാധാനവും, ഉയർന്ന നേട്ടങ്ങളുമുള്ള ഒരു പരീക്ഷകാലം നേരുന്നു.

"Keep your dreams alive. Understand to achieve anythings requires faith and belief in yourself, vision, hardwork, determination, Remember all things are possible for those who believe".

ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ! ആശംസകൾ!!

*(സുനിൽ ഡി. കുരുവിള ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ + 91 9656144712. 'Sunil kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്).*

## യുകെയിലേക്കു പുതുതായി എത്തുന്ന ക്നാനായ സമുദായ അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

പഠനത്തിനും ജോലിക്കുമായി പുതുതായി യുകെയിലേക്കു വരുന്ന ക്നാനായ സമുദായ അംഗങ്ങളെ, യുകെയിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും നമ്മുടെ ആളുകളും നമ്മുടെ ഇടവകകളും ആരാധനയും ഉണ്ട്. നിങ്ങൾക്കു വേണ്ടുന്ന സഹായ സഹകരണങ്ങളും കൈത്താങ്ങും നൽകുവാൻ നമ്മുടെ ആളുകളും വൈദീകരും സന്നദ്ധരാണ്. പുതുതായി എത്തുന്ന എല്ലാവരും നമ്മുടെ ഇടവകകളും ആളുകളുമായി സഹകരിക്കുകയും വിശുദ്ധ ആരാധനയിൽ സംബന്ധിക്കുവാനും ശ്രദ്ധിക്കണം. യുകെയിൽ മാത്രമായി നിലവിൽ നമുക്ക് പത്തു ഇടവകകളും ആറു വൈദീകരും ഉണ്ട്. ഇടവകകളുടെയും വൈദീകരുടെയും ഡീറ്റെയിൽസ് താഴെ കൊടുക്കുന്നു. ദയവായി പുതുതായി എത്തുന്നവർ കോണ്ടാക്ട് ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

ഇടവകകൾ

St.George, Knanaya Church, Manchester
St.Simon's Knanaya Church, Birmingham
St.Peter & St.Paul's Knanaya Church, London
St.Stephen's Knanaya Church, Bristol
St.John's Knanaya Church, Cardiff
St.Mary's Knanaya Church, Middlesbrough
St.Joseph's Knanaya Church, Cambridge
St.Andrew's Knanaya Church, Scotland
St.Mark's Knanaya Church, Hampshire
St.Mathew's Knanaya Church, Nottingham, East Midlands

വൈദീകർ

Fr.Jomon Punnoose 07886899154
Fr.Binoy Alex 07831 237602
Fr.Saji Abraham 07443 644929
Fr.Mathews Abraham 07887321814
Fr.Nidhin Sunny 07426 486756
Fr.Binsu Abraham 07799 274663

# "ചോദിച്ചു വാങ്ങിയ വിന"

റ്റി. കെ. തോമസ്, തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ഏറെ കൗതുകമുണർത്തിയ ഈ ചിന്തകൾ ആരുടെ സൃഷ്ടി എന്നറിയില്ല, എങ്കിലും എന്റെ ശ്രദ്ധയെ ആകർഷിച്ച ഈ ചിന്തകൾ വായനക്കാർക്ക് സമർപ്പിക്കുന്നു. ദൈവം കഴുതയെ ഉണ്ടാക്കിയിട്ട് ഇങ്ങനെ പറഞ്ഞു, നിന്റെ പേര് കഴുത എന്നായിരിക്കും. ദിവസം മുഴുവൻ നീ അദ്ധ്വാനിക്കുന്നവനായിരിക്കും. ഭാരമേറിയ ചുമടുകൾ ചുമക്കുന്നതായിരിക്കും നിന്റെ പ്രധാന പണി. പുല്ലുകൾ ആയിരിക്കും നിന്റെ ആഹാരം, നീ അമ്പതു കൊല്ലം ജീവിക്കും. കഴുത പറഞ്ഞു അമ്പതു കൊല്ലം ഇങ്ങനെ ജീവിക്കുന്നത് വലിയ കഷ്ടമാണ് അതുകൊണ്ട് എനിക്ക് ഇരുപത്തഞ്ചു കൊല്ലം ജീവിച്ചാൽ മതി, ദൈവം കഴുതയുടെ അപേക്ഷ മാനിച്ച് കഴുതയുടെ ആയുസ്സ് ഇരുപത്തഞ്ചു കൊല്ലമായി ചുരുക്കി നൽകി. പിന്നീട് ദൈവം പട്ടിയെ ഉണ്ടാക്കിയിട്ടു പറഞ്ഞു നിന്റെ പേര് പട്ടി എന്നായിരിക്കും. വീട്ടു കാവലായിരിക്കും നിന്റെ പ്രധാന ജോലി, മനുഷ്യന്റെ ഏറ്റവും വലിയ സുഹൃത്തായിരിക്കും നീ, മിച്ചം വരുന്ന ഭക്ഷണ സാധനങ്ങളായിരിക്കും പലപ്പോഴും നിനക്കു ലഭിക്കുക, നീ മുപ്പതുകൊല്ലം ജീവിക്കും. മുപ്പതു കൊല്ലം ഇങ്ങനെ ജീവിക്കുന്നത് വളരെ വിഷമമേറിയ കാര്യമാണ് അതുകൊണ്ട് എനിക്ക് പതിനഞ്ചു വർഷം ജീവിച്ചാൽ മതി, ദൈവം പട്ടിയുടെ ആഗ്രഹ പ്രകാരം അവന്റെ ആയുസ്സ് പതിനഞ്ചു വർഷമായി ചുരുക്കി നൽകി. അടുത്തതായി ദൈവം കുരങ്ങിനെ സൃഷ്ടിച്ച് അവനോട് പറഞ്ഞു, നിന്റെ പേര് കുരങ്ങൻ എന്നായിരിക്കും. മരച്ചില്ലകളിൽകൂടി നീ ചാടി, ചാടി, നടക്കും. നിന്റെ അഭ്യാസങ്ങൾ കണ്ട് മറ്റുള്ളവർക്ക് ചിരിക്കാനാകും, നീ മുപ്പതുവർഷം ജീവിക്കും. കുരങ്ങൻ ദൈവത്തോടു പറഞ്ഞു മുപ്പതു വർഷം എന്നത് പതിനഞ്ചു വർഷമായി ചുരുക്കിത്തരാൻ ദയവുണ്ടാകണം. ദൈവം അതും സമ്മതിച്ചു. അവസാനം ദൈവം മനുഷ്യനെ സൃഷ്ടിച്ചുകൊണ്ടു പറഞ്ഞു നിന്റെ പേര് മനുഷ്യൻ എന്നായിരിക്കും. നീ ഭൂമിയിലെ ഏറ്റവും ബുദ്ധിയുള്ള ജീവിയായിരിക്കും. നീ എല്ലാ മൃഗങ്ങളേയും നിന്റെ ആവശ്യത്തിനായി ഉപയോഗിക്കും. നീ ഭൂമിയിലെ സകല ജീവജാലങ്ങളേയും ഭരിക്കുന്നവനായിരിക്കും, അങ്ങനെ നീ ഇരുപത്തഞ്ചു കൊല്ലം ജീവിക്കും. മനുഷ്യൻ പറഞ്ഞു ഇരുപത്തഞ്ചു കൊല്ലം എന്നു പറയുന്നത് വളരെ ചെറിയ കാലയളവാണ്, അതുകൊണ്ട് കഴുതവേണ്ട എന്നു പറഞ്ഞ ഇരുപത്തഞ്ചു കൊല്ലവും കുരങ്ങൻ വേണ്ട എന്നു പറഞ്ഞ പതിനഞ്ചു കൊല്ലവും എനിക്കു തരുവാൻ ദയവുണ്ടാകണം ദൈവം അതും സമ്മതിച്ചു. അങ്ങനെ മനുഷ്യൻ തന്റെ ജീവിതത്തിൽ ആദ്യത്തെ ഇരുപത്തിയഞ്ചുകൊല്ലം മനുഷ്യനായി ത്തന്നെ ജീവിക്കുന്നു. പിന്നീട് കല്ല്യാണം കഴിച്ച് ജീവിത ഭാരങ്ങൾ ചുമന്ന് കഴുതയെപ്പോലെ അദ്ധ്വാനിച്ച് അടുത്ത ഇരുപത്തിയഞ്ചു കൊല്ലം ജീവിക്കുന്നു. പിന്നീട് പതിനഞ്ചുകൊല്ലം മക്കളെ കല്ല്യാണം കഴിപ്പിച്ചുകൊടുത്ത്, പട്ടിയെപ്പോലെ വീട്ടു കാവൽക്കാരനായി, കിട്ടുന്ന ഭക്ഷണത്തിൽ തൃപ്തിപ്പെട്ടു ജീവിക്കേണ്ടി വരുന്നു. അവസാനത്തെ പതിനഞ്ചു കൊല്ലം കുരങ്ങൻ ഒരു മരത്തിൽനിന്നു ചാടി മറ്റൊരു മരത്തിൽ കയറുന്നതുപോലെ ഒരു മകന്റെ വീട്ടിൽ നിന്ന് വേറൊരു മകന്റെയോ, മകളുടെയോ, വീട്ടിലേക്ക് മാറിക്കൊണ്ടിരിക്കുകയും, പേരക്കുട്ടികളെ രസിപ്പിക്കാനായി അവരുടെ ഇഷ്ടാനുസരണം കോമാളിത്തരങ്ങൾ കാട്ടി ജീവിക്കാനും വിധിക്കപ്പെടുന്നു. കുരങ്ങനെപ്പോലെ ഒറ്റപ്പെട്ടും, മറ്റുള്ളവരുടെ ഔദാര്യത്തിൽ വിശപ്പടക്കാനും വിധിക്കപ്പെടുന്ന മനുഷ്യജന്മം ചോദിച്ചു വാങ്ങിയ വിനയല്ലാതെ മറ്റെന്താണ്. ഭവനങ്ങളിൽ മക്കളാൽ പീഡിപ്പിക്കപ്പെടുകയും, വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യപ്പെട്ട മനുഷ്യർക്ക്, ദൈവം ആദ്യം നിശ്ചയിച്ച ആ ഇരുപത്തിയഞ്ചുകൊല്ലം ആയുസ്സ് മതിയായിരുന്നു എന്ന് തോന്നിയാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ?



# രണ്ടാം ഉടമ്പടി

കൊച്ചുമോൻ, പള്ളിക്കപറമ്പിൽ, ചിങ്ങവനം

ഒന്നാമത്തെ ഉടമ്പടിക്കുറ്റമറ്റതായിരുന്നെങ്കിൽ രണ്ടാമതൊരു ഉടമ്പടിവേണ്ടി വരുമായിരുന്നില്ല. എബ്രാ.8:7 ഇതിൻ പ്രകാരം രണ്ടാം ഉടമ്പടിയുടെ ആവശ്യം എന്തായിരുന്നു, എന്തിനായിരുന്നു എന്നതിനെപ്പറ്റി പരിശോധിക്കാം. ഒന്നാം ഉടമ്പടി ദൈവം മോശയുടെ കാലത്ത് പാപമോചനത്തിനായി ഏർപ്പാടാക്കിയ ബലി വസ്തുക്കൾ ധ്യാന്യവും, വീഞ്ഞും, കുറുപ്രാവുകളും, കോലാടും, കാളയും, പാപങ്ങളുടെ കാഠിന്യമനുസരിച്ച് അന്നത്തെ യഹൂദ സഭാപുരോഹിതരുടെ നിശ്ചയക്രമപ്രകാരം ആയിരുന്നു. പിന്നീട് സഭ ഭരിച്ചിരുന്ന ശാസ്ത്രീമാരും, പരീശന്മാരും ബലികർമ്മങ്ങൾ ധനസമ്പാദന മാർഗ്ഗമാക്കി മാറ്റപ്പെടുത്തി.

കാല സമ്പൂർണ്ണത വന്നപ്പോൾ (ഗല.4:4) ജീവനുള്ള ദൈവത്തിന്റെ പുത്രനായ സ്വർഗ്ഗീയ കുഞ്ഞാടായ യേശു തന്റെ ശരീരയാഗത്തിലൂടെ ബലി വസ്തുക്കൾ പലതായിരുന്നത് മാറ്റി ഏകമാക്കിത്തീർത്തു (1. തീമൊ 2:5). ഇതാണ് രണ്ടാം ഉടമ്പടി. ഇതിനെപ്പറ്റിയാണ് എബ്ര. 8:7ൽ പരാമർശിച്ചിരിക്കുന്നത്. ഇത് യേശുവും ശിഷ്യന്മാരും ഒരുമിച്ച് സെഹിയോൻ മാളികയിൽ വച്ചാണ് സ്ഥാപിച്ചത്. ഇതോടെ പഴയ ബലിയായ ഒന്നാം ഉടമ്പടി നിർജീവമായിത്തീർന്നു. മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള അപ്പവീഞ്ഞുകൾ കൊണ്ടുള്ള ബലി നിഴലായിരുന്നതിന്റെ പൂർത്തീകരണം പുതിയ നിയമബലിയെപ്പറ്റിയുള്ള പ്രവചനം നൂറ്റാണ്ടുകൾക്ക് മുമ്പെ യിരമ്യാവ് പ്രവചിച്ചിരുന്നു. (യിരമ്യാ. 31:33) ഈ ഉടമ്പടിയുടെ മേന്മ നാം വേണ്ട വിധത്തിൽ ഗ്രഹിക്കുന്നില്ലാത്ത കാരണത്താൽ പലരും രോഗികൾ ആയിത്തീരുന്നു. നാം നമ്മുടെ പാപങ്ങൾ ഏറ്റു പറഞ്ഞ് മാനസാന്തരപ്പെട്ട് പാപ ജീവിതം ഉപേക്ഷിക്കണം; പിന്നീട് പാപം ചെയ്യരുത്. ഇതാണ് യേശു മഗ്ദലന മറിയമിനോട് നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു. ഇനിമേൽ പാപം ചെയ്യരുതെന്നു വിലക്കിയത്. ഇതാണ് രണ്ടാം ഉടമ്പടിയുടെ പ്രത്യേകത. നല്ല ഗുരുവെന്ന് വിളിച്ചെന്ന നിക്കോദിമോസിനോട് (യോഹ. 3:7) ദൈവം ഒരുവൻ മാത്രമെ നല്ലവനുള്ളുന്നും, നാം പുതുതായി ജനിക്കണമെന്നും ഉപദേശിച്ചത്. പാപജീവിതം ഉപേക്ഷിച്ചു നാം പുതിയ സൃഷ്ടിയായിത്തീരണം. അപ്പോൾ ദൈവം നമ്മുടെ പാപങ്ങൾ ഓർക്കുകയില്ല. എബ്ര. 8:12 നമ്മുടെ അകൃത്യങ്ങളിൽ കരുണയുള്ളവനും ആയിരിക്കും.

എന്നാൽ നമ്മിൽ പലരും ന്യായപ്രമാണ കാലത്തെ സൈന്യങ്ങളുടെ ചിട്ടയുള്ള ദൈവത്തെ ക്ഷിപ്രകോപിയും ഒരു ഭീകര സ്വഭാവ ഉടമയും ആയിട്ടാണ് ധരിച്ചിരിക്കുന്നത്. അതിനു കാരണം പലതുണ്ട് യിസ്രായേൽ ജനം സാക്ഷീയിൻ പെട്ടകം എഴുന്നള്ളിച്ചപ്പോൾ വീഴാൻ തുടങ്ങുന്നതു കണ്ടപ്പോൾ പുരോഹിതന്മാർക്കു മാത്രമെ അതിനെ തൊടാവുള്ളു എന്ന കല്പന ലംഘിച്ച് അത് വീഴാതെ താങ്ങിയതിന് ഉസ്സക്കു മരണശിക്ഷ ലഭിച്ചു. (2. ശമു 6:7) ശൗൽ രാജാവ് യുദ്ധത്തിനുപോയപ്പോൾ അവിടെനിന്നും ഒന്നും കൊണ്ടുവരരുതെന്ന് ദൈവം പറഞ്ഞിരുന്നെങ്കിലും തടിച്ച് കൊഴുത്ത കാളയെ ദൈവത്തിനു ബലി കഴിക്കാമല്ലൊ എന്നു കരുതി കൂടെ കൊണ്ടുപോകുന്നതിനു ശിക്ഷിക്കപ്പെടുന്നു. മോശയെ വിമർശിച്ചതിന് തന്റെ സഹോദരിയായ മിര്യാം കുഷ്ഠരോഗിയായിത്തീർന്നു (സംഖ്യ. 12:10). ശാബതിൽ വിറകു പെറുക്കുവാനായി പോയവനു മരണശിക്ഷ ലഭിച്ചു. (സംഖ്യ. 5:32). ദൈവത്തിന്റെ ഈ ഭീകര സ്വഭാവത്തെ ലഘൂകരിച്ചത് യേശുവാണ്. ദൈവം സ്നേഹമാണെന്ന് നമ്മെ പഠിപ്പിച്ചത് രണ്ടാം ഉടമ്പടിക്കു ശേഷമാണ്.

ഈ ധാരണവച്ചു പുലർത്തിയ രണ്ടുപേർക്കു ണ്ടായ അനുഭവസാക്ഷ്യം ഇവിടെ പ്രസക്തമായതിനാൽ അത് ഉദ്ധരിക്കുന്നു. ഒരാൾ ഒരു മോട്ടോർ സൈക്കിൾ മോഷണം പോയതിനാൽ സാക്ഷിയായിത്തീർന്നു. കോടതിയിൽ പല പ്രാവശ്യം പോകേണ്ടതു നിമിത്തം ബുദ്ധിമുട്ട് ഓർത്തു അത് ഒഴിവാക്കാനായി കോടതിയിൽ കള്ളം പറയേണ്ടിവന്നത് കുമ്പസാരത്തിൽ താൻ ഏറ്റു പറഞ്ഞെങ്കിലും കള്ളസാക്ഷ്യം പറഞ്ഞ പാപം ദൈവം ക്ഷമിക്കുമെന്നുള്ള കുറ്റബോധം തന്റെ മരണംവരെയും തന്നെ അലട്ടിയിരുന്നു.

ഒരു കുടുംബിനിയായ സ്ത്രീ തുടരെയുള്ള ഗർഭധാരണത്തെ ഒഴിവാക്കാനായി ഒരു പ്രാവശ്യം ഗർഭഛിദ്രം നടത്തിയത് ഒരു കൊലപാതക തുല്യമാണെന്നുള്ള ഒരു കുറ്റബോധം കുമ്പസാരിച്ചിട്ടും ദൈവത്തെപ്പറ്റിയുള്ള ഭയം നിമിത്തം മാറ്റാൻ കഴിയാതെ ആയിത്തീരുന്നു. എന്നാൽ പഴയ നിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം (ഭയം) നീങ്ങാതെ ഇന്നുവരെയിരിക്കുന്നു. 2 കൊരി. 3:14. ഈ ധാരണ മാറ്റിയത് യേശുവാണ്.

നമ്മുടെ ഈ ദൗർബല്യം അറിയാവുന്നവനാണ് നമ്മുടെ ദൈവം. അതിനാലാണ് അവൻ പാപികളെ സ്നേഹിക്കുന്നത്. ദൈവം ഒരുവനല്ലാതെ പരിശുദ്ധൻ ഇല്ലന്ന സത്യം നാം മനസിലാക്കണം. താൻ നന്മ ആഗ്രഹിക്കുന്നെങ്കിലും, ആഗ്രഹിക്കാത്ത തിന്മ ചെയ്തുപോകുന്നുവെന്ന് പൗലോസും സാക്ഷികരിക്കുന്നു. ദൈവം സ്നേഹമാണ്. അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ തന്റെ ഭക്തന്മാരോടു അവന് കരുണ തോന്നുന്നു. അവൻ നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം നമ്മോടു ചെയ്യുന്നില്ല. സങ്കീ. 103:10 ഈ കരുണായുഗം പൂർണ്ണമായത് രണ്ടാം ഉടമ്പടിക്കുശേഷം മുതലാണ്. മത്താ. 11:11 ൽ സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനാരും എഴുന്നേറ്റിട്ടില്ല, എന്നാൽ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാകുന്നു എന്ന വചനത്തിന്റെ പൊരുളും ഈ കൃപായുഗമേന്മയെ ആണ് സൂചിപ്പിക്കുന്നത്. ഈ സത്യം

ദൈവം പഴയനിയമ പ്രവാചകനായ (യിരമ. 31:33) യിരമ്യാവും, പുതിയ നിയമ പ്രവാചകനായ (എബ്രാ. 8:12) പൗലോസും നമ്മുടെ പാപങ്ങൾ ഓർക്കാത്തവനും അതിൽ കരുണയുള്ളവനും ആയിരിക്കുമെന്ന വെളിപ്പെടുത്തിയിരിക്കുന്നത് നാം ഗ്രഹിക്കുന്നില്ലെന്നതാണ് സത്യം. വ്യാജം പറയാൻ ദൈവം മനുഷ്യനല്ല. സംഖ്യ. 23:19. അതിനാൽ നാം നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് വീണ്ടും ആവർത്തിക്കാത്തവരും ആയിത്തീരണം. സഭയുടെ വി. കുർബ്ബാനയാൽ നമുക്കു ലഭിക്കുന്ന പാപമോചനത്തെ ചിലർ പരിഹസിക്കാറുണ്ട്. അപ്പോൾ വീണ്ടും നാം പാപം ചെയ്തിട്ട് കുർബ്ബാന അനുഭവിച്ചാൽ മതിയല്ലൊ എന്ന്. അതിനുള്ള ഉത്തരം മനുഷ്യൻ ബലഹീനനാണ്. നിന്റെ സഹോദരനോട് ഏഴ് പ്രാവശ്യം ക്ഷമിച്ചാൽ പോരന്നും എഴുപതുവട്ടം ക്ഷമിക്കണമെന്നും നമ്മെ ഉപദേശിച്ചവൻ നമ്മെക്കാൾ കൂടുതൽ മനസലിവുള്ളവനാകയാൽ നമ്മെ പാപസ്വഭാവത്തിൽനിന്ന് രൂപാന്തരപ്പെടുത്തി ഒരു പുതിയ മനുഷ്യനാക്കി രൂപാന്തരപ്പെടുത്തുന്നു.

യാഗം എന്തിനായിരുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കാം ദൈവം സൃഷ്ടിക്കപ്പെട്ട സകല ജീവികൾക്കും ആസക്തി ഉണ്ട്. തന്നെയുമല്ല അതിനടിമയുമാണ്. ഉദാഹരണത്തിന് മാൻ എന്ന മൃഗം ഓടക്കുഴൽ നാദത്തിനു അടിമയാണ്, ആ ശബ്ദം കേൾക്കുമ്പോൾ അത് തല ഉയർത്തുന്നു. ചൂണ്ടയിൽ കോർത്തു കിടക്കുന്ന ഇരയിൽ മീൻ ആകർഷിക്കുന്നു. ഉറുമ്പ്, ചിതൽ രൂപാന്തരം പ്രാപിച്ച് ഈയൽ ആയി വെളിച്ചം ആകർഷിച്ച് അവ തീയിൽ പൊള്ളിച്ചാകുന്നു. ഇതുപോലെ മനുഷ്യനും തന്റെ ആസക്തിക്ക് അടിമയാണ്. മനുഷ്യന്റെ ആസക്തി പലതാണ്. ദ്രവ്യാഗ്രഹവും, കാമവും, മദ്യവും, പുകവലിയും, മയക്കുമരുന്നും സ്ത്രീകൾക്ക് സ്വർണ്ണവും, വസ്ത്രഭ്രമവും ആകുന്നു. മനുഷ്യന് ആകാശത്തുപറക്കാം, അത്ഭുതകരമായ പലതും നിർമ്മിക്കാം, വിദ്യുച്ഛക്തിയെയും, യന്ത്രങ്ങളെയും നിയന്ത്രിക്കാം, എന്നാൽ അവനു തങ്ങളുടെ സ്വയത്തെ ഭരിക്കുക അസാദ്ധ്യമാണ്. നിങ്ങളിൽ ഉള്ള നിങ്ങളെ കീഴടക്കിയാൽ നിങ്ങൾ ഒരു യഥാർത്ഥ മനുഷ്യനായിത്തീരും.

നാം ആത്മാവിനെ അനുസരിച്ച് ജീവിക്കന്നെങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കയും വേണം (ഗലാ.5:25) അപ്പോൾ ദുഷ്ടന്മാരുടെമേലും, നല്ലവരുടെമേലും സൂര്യനെ ഉദിപ്പിക്കയും ചെയ്യുന്ന ദൈവം കരുണയുള്ളവനാകയാൽ രണ്ടാം ഉടമ്പടിയായ വി. കുർബ്ബാന നമ്മെ പാപത്തിൽനിന്നു വിടുവിച്ച് പരിശുദ്ധാത്മാവ് നമ്മിൽ പാപബോധം വരുത്തി നമ്മെ പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തും. തന്റെ ന്യായപ്രമാണം അവരുടെ മനസിൽ പ്രതിഷ്ഠിക്കും (എബ്രാ. 8:10). പാപബോധവും അതിന്റെ ഫലമായ അപമാനവും നമ്മെ പാപത്തിൽനിന്നും പിൻതിരിയിപ്പിച്ച് ഒരു പുതിയ സൃഷ്ടി ആയിത്തീരുവാനുള്ള ആത്മാവിന്റെ മരുന്നായിത്തീരും വി.കുർബ്ബാന. നമ്മുടെ ജഡത്തെ രോഗത്തിൽനിന്ന് സുഖപ്പെടുത്താൻ നാം മരുന്നു കഴിക്കുന്നപോലെ ആത്മാവിന്റെ രോഗമായ പാപത്തിൽനിന്നും നമ്മെ വിടിവിക്കാനുള്ള ആത്മാവിന്റെ മരുന്നാണ് വി. കുർബ്ബാനവഴി നമ്മിൽ വരുത്തുന്ന പരിവർത്തനം ആണ് രക്ഷിക്കപ്പെടൽ അല്ലാതെ മുതിർന്ന സ്നാനംവഴിയുള്ളതല്ല രക്ഷ.

# ക്നാനായ ദിനവും നവീകരിച്ച അസ്സോസിയേഷൻ ഹാളിന്റെ കൂദാശയും

ചിങ്ങവനം: ആഗോള ക്നാനായ ദിനവും മോർ അപ്രേം സെമിനാരിയിലെ നവീകരിച്ച അസ്സോസിയേഷൻ ഹാളിന്റെ ഉദ്ഘാടനവും, ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ 19-ാം മത് മെത്രാഭിഷേക വാർഷികവും സംയോജിപ്പിച്ചുകൊണ്ടുള്ള മീറ്റിംഗ് ആരോഗ്യ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

ആരോഗ്യരംഗത്ത് സഭകളുടെ പങ്കാളിത്വം അനിവാര്യമാണ്. കൂടുതൽ കൂടുതൽ സഭകൾ ആരോഗ്യരംഗത്ത് പ്രവർത്തിക്കണമെന്ന് മന്ത്രി വീണാ ജോർജ്.

ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ മാത്യു അറയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി.

തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ജോബ് മൈക്കിൾ എം.എൽ.എ., റവ. ഫാ. സിജോ പന്തപള്ളിൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റയ്ക്കാട്ട്, വികാരി ജനറാൾ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്ക്കറിയ ഇളവൻകുളം, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, തമ്പി ചേന്തിയിൽ എന്നിവർ പ്രസംഗിച്ചു.

ക്നാനായ സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുകയും അവർ നൽകുന്ന സമഗ്ര സംഭാവനകളെയും അനുസ്മരിച്ചുകൊണ്ട് മുൻ കർണാടക ആഭ്യന്തര മന്ത്രി ശ്രീ. കെ.ജെ.ജോർജ്ജ് അവർകളെയും റാന്നിയിൽ ശ്രീ. തോമസ് മാമ്മൻ കൊണ്ടൂർ, ശ്രീ. തോമസ്കുട്ടി കണ്ണന്തനാം, ബഹറിനിലുള്ള ശ്രീ. ബാബു പട്ടുകാലാ, ശ്രീ. മത്തായി പി.യു. പുള്ളിയാട്ടുകുഴിയിൽ രാമമംഗലം എന്നിവരെ സമുദായ ദിനത്തിൽ ബഹു. മന്ത്രിമാരുടെ സാന്നിധ്യത്തിൽ സമുദായ മെത്രാപോലിത്ത പൊന്നാടയണിച്ച് ആദരിച്ചു.

# ക്നായിതോമ പ്രാർത്ഥനായോഗം

പാക്കിൽ: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ 86-ാമത് പ്രാർത്ഥനായോഗം 19-02-2023 ഞായർ വൈകുന്നേരം 6 മണിക്ക് ചിങ്ങവനം പുത്തൻപള്ളി ഇടവകാഗം താമ്രത്ത് ശ്രീ. ചാക്കോ സ്കറിയായുടെ (ടാറ്റു) പാക്കിൽ ഇല്ലിമൂടിനു സമീപം ഉള്ള ഭവനാങ്കണത്തിൽ വച്ച് നടക്കും. റവ.ഫാ. എം.സി സ്ക്കറിയ മധുരംകോട്ട് മുഖ്യ സന്ദേശം നൽകുന്നതാണ്. വൈസ്: പ്രസി. റവ. ഫാ. സി.സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകും.

# പ്രത്യാശയും നിരാശയും

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

"നിങ്ങളുടെ ചിന്തകളുടെ ആകെ തുകയാണ് നിങ്ങളുടെ ജീവിതം". മനുഷ്യജീവിതം എപ്പോഴും പ്രത്യാശയിലൂടെയാണ് മുമ്പോട്ടു പോകുന്നത്. ജീവിതം പുഴയാണെങ്കിൽ അതിലെ ജലം പ്രതീക്ഷയാണ്. ജലമില്ലെങ്കിൽ പുഴ ശൂന്യമാണ്. മനുഷ്യന്റെ ഉള്ളിൽ പ്രതീക്ഷയുടെ ജലം ഒഴുകിയെങ്കിൽ മാത്രമേ അത് ജീവൻ പ്രധാനം ചെയ്യുകയുള്ളൂ. മനുഷ്യന്റെ വിജയത്തിന് എന്നും തടസ്സം നിൽക്കുന്ന ഏറ്റവും വലിയ ഘടകം നിരാശയാണ്. ഒരിക്കൽ സോക്രട്ടീസിനെ കാണാൻ നിരാശനായ ഒരു യുവാവെത്തി. വിജയത്തിന്റെ രഹസ്യമെന്തെന്ന് അറിയാനായിരുന്നു അവന് താൽപര്യം. കുറച്ചുനേരം സംസാരിച്ചിരുന്ന ശേഷം സോക്രട്ടീസ് യുവാവിനെക്കൂട്ടി അടുത്തുള്ള പുഴയിലേയ്ക്കു നടന്നു. നെഞ്ചോപ്പം വെള്ളത്തിൽ തന്നോടൊപ്പം ഇറങ്ങി നിൽക്കാൻ അദ്ദേഹം യുവാവിനോടാവശ്യപ്പെട്ടു. ചെറുപ്പക്കാരൻ അനുസരിച്ചു. പെട്ടെന്ന് സോക്രട്ടീസ് തന്റെ മുഴുവൻ ശക്തിയും ഉപയോഗിച്ച് യുവാവിനെ വെള്ളത്തിലേക്കു വലിച്ചു താഴ്ത്തി. പരിഭ്രാന്തനായ ചെറുപ്പക്കാരൻ കൈകാലുകൾ അടിച്ച് ഉയർന്നുവരാൻ ശ്രമിച്ചെങ്കിലും സോക്രട്ടീസ് അതിന് അനുവദിച്ചില്ല. ഏറെ നേരത്തെ പരിശ്രമത്തിനുശേഷം തന്റെ മുഴുവൻ ശക്തിയും ഉപയോഗിച്ച് അയാൾ സോക്രട്ടീസിനെ തള്ളി മാറ്റി. വെള്ളത്തിൽ നിന്ന് ഉയർന്ന് ശ്വാസം വലിച്ചുവിടുന്ന അയാളോടു സോക്രട്ടീസ് ചോദിച്ചു. വെള്ളത്തിനടിയിൽ ആയിരുന്നപ്പോൾ നിങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിച്ചതെന്താണ്? "വായു" ചെറുപ്പക്കാരൻ മറുപടിയായി പറഞ്ഞു. ആ സമയത്ത് നിങ്ങൾ എങ്ങനെ വായുവിനായി ആഗ്രഹിച്ചിരുന്നുവോ അതുപോലെ വിജയത്തിനായി ആഗ്രഹിക്കുക. വിജയിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്ന് വിശ്വസിച്ച് സർവ്വശക്തിയുമെടുത്തു പോരാടുക. വിജയത്തിന്റെ വലിയ രഹസ്യമാണത് സോക്രട്ടീസ് പറഞ്ഞു.

ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോടു ചോദിച്ചു ജീവിതത്തിൽ ഏറ്റവും വലിയ പരാജയം നേരിട്ട വ്യക്തി ആരാണ്? മറുപടിയായി ഗുരു ഇങ്ങനെ പറഞ്ഞു. ജീവിതത്തിൽ ഒരിക്കലെങ്കിലും പരാജയപ്പെടാത്ത വ്യക്തിയാണ് ഏറ്റവും വലിയ പരാജിതർ. തെറ്റുപറ്റുക അബദ്ധം സംഭവിക്കുക പരാജയപ്പെടുക എന്നുള്ളതെല്ലാം സ്വാഭാവികമാണ്. എന്നാൽ അതിൽ ദുഃഖിച്ചു നിരാശപ്പെട്ടു താൻ കഴിവു കെട്ടവനാണു എന്നോർത്തു വിഷമിക്കരുത്. എന്നാൽ തെറ്റിൽ നിന്നും പാഠം ഉൾക്കൊള്ളാതെ അബദ്ധം തന്നെ ആവർത്തിച്ചു സംഭവിക്കുന്നത് നല്ലതല്ല. കാരണം തെറ്റുകളിൽ നിന്ന്, അല്ലെങ്കിൽ നമുക്കു പറ്റിയ പരാജയങ്ങളിൽ നിന്ന് ഒന്നും തന്നെ നാം പഠിച്ചിട്ടില്ലായെന്ന് അതു സൂചിപ്പിക്കുന്നു. അതുകൊണ്ട് പരാജയത്തിൽ നിരാശകരാകാതെ പ്രതീക്ഷയോടെയും പ്രത്യാശയോടും കൂടി വീണ്ടും പ്രവർത്തിക്കുക. വിജയം സുനിശ്ചിതം. ഒരു വാൾ മൂർച്ചയുള്ളതാകണമെങ്കിൽ ആലയിലെ അഗ്നിച്ചൂളയിലൂടെ കടന്നുപോയേ മതിയാവൂ. അതുപോലെ പരീക്ഷണങ്ങളിലും പ്രതിസന്ധികളിലും തകരാതെ തളരാതെ പ്രത്യാശയുടെ മറുകര ലക്ഷ്യംവച്ചു നീങ്ങിയാൽ വിജയം സുനിശ്ചിതം.

ലക്ഷ്യങ്ങൾ പ്രായോഗികവും യാഥാർത്ഥ ബോധമുള്ളതുമായിരിക്കണം. ഗ്രീക്കു പുരാണത്തിലെ ഫീനിക്സ് പക്ഷിയുടെ കഥ ഇതു വ്യക്തമാക്കുന്നു. ലക്ഷ്യമുണ്ടായാൽ മാത്രം പോരാ. അത് യഥാർത്ഥ ബോധത്തോടെയുള്ള ലക്ഷ്യമായിരിക്കണം. സ്വന്തം ചിതയിൽ നിന്ന് പുനർജനി തേടി സൂര്യനെ കീഴടക്കുക എന്ന അസാദ്ധ്യലക്ഷ്യവുമായി പറന്നുയരുന്ന ഫീനിക്സ് പക്ഷിയുടെ കഥ യവനപുരാണത്തിൽ പ്രതിപാദിക്കുന്നു. സൂര്യനു നേരെ പറന്നു കീഴടക്കാൻ ശ്രമിച്ചു ബന്യാമിൻ എന്ന ഫീനിക്സ് പക്ഷിയെ എല്ലാവരും നിരുത്സാഹപ്പെടുത്തി. കാരണം സൂര്യനെ കീഴ്പ്പെടുത്തുക എന്നുള്ളത് യാഥാർത്ഥ്യ ബോധമില്ലാത്ത ആഗ്രഹവും ലക്ഷ്യവുമാണ്. യുവതലമുറ യാഥാർത്ഥ്യബോധമുള്ള ലക്ഷ്യം ഉള്ളവരായാൽ വിജയം ഉറപ്പാണ്. ശുഭാപ്തി വിശ്വാസിയായ ആൾക്ക് വലിയ തടസ്സങ്ങൾ പോലും വിജയിക്കാനുള്ള പ്രചോദനമാണ്. അശുഭാപ്തി വിശ്വാസി വലിയ അവസരങ്ങളെപ്പോലും പരാജയങ്ങളാക്കി മാറ്റും. ഓരോ പ്രശ്നത്തിലും തുല്യമോ, അതിലേറെ വലുതോ ആയ അവസരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. നിരാശരിൽ തീവ്രമായ ആഗ്രഹങ്ങൾ ഉണ്ടാകില്ല. വ്യക്തമായ ലക്ഷ്യമോ ആസൂത്രിതമായ പദ്ധതികളോ ഇല്ല. തോൽക്കുമെന്ന ഭയം അവരെ പുറകോട്ടു വലിക്കുന്നു. അവസരങ്ങളെ അവർ സംശയത്തോടെ സമീപിക്കുന്നു. നിരാശരിൽ സ്വയം മതിപ്പ് നഷ്ടപ്പെടുന്നു. അവർക്ക് തീവ്രമായ പ്രതിബദ്ധത ഇല്ല. ശുഭ പ്രതീക്ഷയുള്ള വ്യക്തികളിൽ ഉയർന്ന ചിന്ത ഉയർന്ന സ്വപ്നം നിരന്തര പരിശ്രമം എന്നിവയാൽ നയിക്കപ്പെടുന്നവരാണ്.

ഒരു ശിശു എത്ര പ്രാവശ്യം വീണിട്ടാണ് നടക്കാനുള്ള കഴിവ് ആർജ്ജിക്കുന്നത്. ഓരോ വീഴ്ചയും നടക്കാനുള്ള കഴിവിലേക്ക് അടുക്കുകയാണ്. സർക്കസിലെ സാഹസിക പ്രകടനങ്ങൾ കണ്ടു നാം ആശ്ചര്യപ്പെടാറുണ്ട്. അതിലെ അതിസാഹസികമായ ഊഞ്ഞാൽ അഭ്യാസം കാണികളെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തുന്നു. ഒരു ഊഞ്ഞാലിൽ നിന്ന് മറ്റൊന്നിലേയ്ക്ക് വളരെ കൃത്യതയോടെ അവർ പായുമ്പോൾ അത് നാം ശ്വാസമടക്കിപ്പിടിച്ചിരുന്നു കാണാറുണ്ട്. യാതൊരു പിഴവും കൂടാതെ അവരിത് എങ്ങനെ ചെയ്യുന്നുവെന്ന് നാം അത്ഭുതപ്പെടാറുണ്ട്. ഈ കാഴ്ച കാണുമ്പോൾ നമുക്കുണ്ടായ അതേ സംഭ്രമം പരിശീലനം തുടങ്ങിയപ്പോൾ ആ അഭ്യാസിക്കും ഉണ്ടായിരുന്നു. ദിവസങ്ങളോളം വളരെ ഉയരത്തിൽ നിന്ന് പലപ്രാവശ്യം അയാൾ താഴെ വലിച്ചു കെട്ടിയിരിക്കുന്ന വലയിൽ വീണിട്ടുണ്ട്. എന്നാൽ വീഴ്ചകളെല്ലാം അയാൾ പിന്നീട് വീഴ്ചകൾ സംഭവിക്കാതിരിക്കാനുള്ള വിജയത്തിന്റെ പടികളാക്കി മാറ്റി. വീഴ്ച നൽകിയ അനുഭവങ്ങൾ അയാൾക്ക് അറിവായി മാറി. ഈ അറിവും പരിശീലനവും കൂടി ഒത്തുചേർന്നപ്പോൾ അയാളിലെ പ്രതീക്ഷകൾ കുതിച്ചുയർന്നു. മികച്ച സാഹസികാഭ്യാസിയായി മാറാൻ നിരന്തര പരിശ്രമത്തിലൂടെ അയാൾക്കു സാധിച്ചു.

*(ശേഷം പേജ് 22-ൽ)*

# മഹാ ഇടയനൊപ്പം

ഫാ. ജോസഫ് കുളത്രാമണ്ണിൽ

മനുഷ്യാവതാരം ചെയ്ത ക്രിസ്തു തന്റെ രക്ഷാകരപ്രവർത്തനം തുടർന്നു നടത്തി കൊണ്ടുപോകുവാനായി സഭ സ്ഥാപിച്ചു. സഭയുടെ വിശ്വാസം “നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പത്രോസ് ഏറ്റു പറഞ്ഞതാണ് നമ്മുടെ സഭയുടെ അടിസ്ഥാന പ്രമാണവും വിശ്വാസവും” അതിനുത്തരമായി ‘നീ പാറയാകുന്നു, ആ പാറമേൽ ഞാൻ എന്റെ സഭയെ പണിയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു നൽകും’ (യോഹ.16:16-20) എന്നു ക്രിസ്തു പറയുന്നു. വി. വചനത്തിലൂടെ സഭയുടെ ചുമതല പത്രോസിനെ കർത്താവ് ഏല്പിക്കുകയാണ് (യോഹ.21:15-17). താക്കോൽ അധികാരത്തിന്റെ അടയാളമായി ഗണിക്കപ്പെടുന്നു. ഉയർപ്പിനുശേഷം യേശു ക്രിസ്തു ആട്ടിൻകൂട്ടത്തിനുമേലുള്ള മുഴുവൻ ചുമതലകളും വി. പത്രോസിനെ ഏല്പിച്ചു (യോഹ. 21:15-17). എ. ഡി. 37 ൽ പത്രോസ് അന്ത്യോഖ്യക്കു പോവുകയും അവിടെ സിംഹാസനം സ്ഥാപിക്കുകയും ചെയ്തു. A.D. 60 ൽ അന്ത്യോഖ്യയിൽ വച്ച് എവോദ്യോസോസിനേയും ഇഗ്നാത്തിയോസിനെയും തന്റെ പിൻഗാമികളായി നിയമിച്ചു. സഭാചരിത്രകാരനായ യൂസേഫിയോസ് (A. D. 205-340) പത്രോസ് അന്ത്യോഖ്യായിൽ ആദ്യമായി സഭ സ്ഥാപിച്ചശേഷം റോമിലേക്ക് പോയി എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വി. ജെറോം (A. D. 342-419) പത്രോസിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ജോനയുടെ പുത്രനും ഗലീലയിൽ ബെത്സെയ്ദാ ഗ്രാമക്കാരനുമായ അന്ത്രയോസ് ശ്ലീഹായുടെ സഹോദരനും ശ്ലീഹന്മാരുടെ തലവനുമായ ശെമവോൻ പത്രോസ് അന്ത്യോഖ്യായിൽ അജപാലനം നടത്തി. പിന്നീടദ്ദേഹം ഗലാത്യ, കപ്പദോക്യാ, ആസ്യാ മുതലായ സ്ഥലങ്ങളിൽ ചിതറിപ്പാർത്തിരുന്ന പരിഛേദനാ വിശ്വാസികളോട് സുവിശേഷം പ്രസംഗിച്ച ശേഷം റോമിലേക്കുപോയി.

ക്രിസ്തീയ സഭയുടെ ആരംഭം യെരുശലേം ആയിരുന്നെങ്കിലും കൊടിയ പീഡനങ്ങൾ കാരണം സഭാപ്രവർത്തനം തുടരാൻ സാധിക്കാത്തതിനാൽ അന്ത്യോഖ്യായിൽ പിതാക്കന്മാർ അഭയം പ്രാപിക്കുകയുണ്ടായി. അവിടെവച്ചാണ് ക്രിസ്തുവിന്റെ അനുയായികളെ ക്രൈസ്തവർ എന്നു വിളിക്കുവാൻ തുടങ്ങിയത് (Act.11:26). പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ സുവിശേഷവേല ശക്തമായി ആരംഭിച്ചതും അവിടെയായിരുന്നു. പത്രോസിനാൽ സ്ഥാപിതമായ സഭയുടെ തലസ്ഥാനവും അന്ത്യോഖ്യയായിരുന്നു. എല്ലാ വർഷവും ഫെബ്രുവരി 22-ാം തീയതി അന്ത്യോഖ്യാസിംഹാസന സ്ഥാപനദിനമായി സഭ ആചരിച്ചു വരുന്നു. ഇപ്പോ നാലു ഭാഗങ്ങളിലുമുള്ള നമ്മുടെ സഭയെ പരിപാലിച്ചുവരുന്നത് മോറാൻ മോർ അപ്രേം ദിദിയൻ പാത്രിയർക്കീസ് ബാവയാണ്. സഭയുടെ പാരമ്പര്യമനുസരിച്ച് അദ്ദേഹം 123-ാമത്തെ പാത്രിയർക്കീസാണ്.

സെന്റ് പാട്രിക്കിന്റെ പ്രേക്ഷിത പ്രവർത്തനത്താൽ ബീജവാപം ചെയ്ത് കെൽറ്റിക് ക്രൈസ്തവ ജനതയുടെ നാടായ അയർലാന്റിൽ വച്ചാണ് ആദ്യമായി സിറിൽ കരീം റമ്പാച്ചനെ കണ്ടുമുട്ടുന്നത്. അവിടെ വേദശാസ്ത്രത്തിൽ മാസ്റ്റർ ഡിഗ്രി ചെയ്തു കൊണ്ടിരുന്ന റമ്പാച്ചൻ ഹോളിഗോസ്റ്റ് കോളേജിൽ എത്തിയപ്പോഴാണ് സുറിയാനി സഭയിലെ ഒരു വൈദികൻ അവിടെ പഠിക്കുന്നു എന്നറിഞ്ഞ് എന്നെ അന്വേഷിച്ചെത്തിയത്. കാഴ്ചയിൽ ശാന്തനും ആകാരഭംഗിയിൽ മികച്ചവനുമായ ആ ദയറാക്കാരന്റെ സാമിപ്യവും സംസാരമികവും എന്നെ ആകർഷിക്കുകയുണ്ടായി. സംസാരത്തിലുടനീളം സഭയുടെ പാരമ്പര്യവും വിശ്വാസ സത്യങ്ങളും ജനങ്ങളിൽ എത്തിച്ച് എങ്ങനെ സഭയെ വളർത്താം എന്നതായിരുന്നു.

ഞാനൊരു ചരിത്രവിദ്യാർത്ഥിയും അദ്ധ്യാപകനുമാകയാൽ സിറിയായിലും ടർക്കിയിലുമുള്ള ദയറാകളും പള്ളികളും സന്ദർശിച്ച് പഠനം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഡോക്ടർ ഓഫ് ഡിവിനിറ്റി (1991-94) പൂർത്തിയാക്കിയശേഷം ലണ്ടനിലുള്ള സുറിയാനിപള്ളിയുടെ വികാരിയായിരുന്നപ്പോഴും പലപ്രാവശ്യം കാണുന്നതിനും അദ്ദേഹത്തോടൊപ്പം താമസിക്കുന്നതിനും അവസരം ഉണ്ടായിട്ടുണ്ട്. ലണ്ടനിലുള്ള മലയാളി സഭാംഗങ്ങളുടെ പ്രാർത്ഥനായോഗങ്ങളിലും പലപ്പോഴും റമ്പാച്ചൻ മുഖ്യപ്രഭാഷകനായിരുന്നു. പിന്നീടദ്ദേഹം നോർത്തമേരിക്കൻ ആർച്ചുബിഷപ്പായി ന്യൂജേഴ്സിയിൽ താമസിക്കുമ്പോൾ ‘ക്നാനായ സാംസ്ക്കാരിക ചരിത്രം’ എന്ന പുസ്തകത്തിന് ആശീർവാദ കല്പന എഴുതിതന്നത് നന്ദിപൂർവ്വം സ്മരിക്കുകയാണ്. എന്റെ അമേരിക്കൻ യാത്രയിൽ പലപ്പോഴും അദ്ദേഹത്തെ കാണുകയും സ്നേഹം പങ്കിടുകയും ചെയ്യാറുണ്ടായിരുന്നു. യാക്കോബ് തൃതീയൻ ബാവായ്ക്കു ശേഷം മലങ്കരസഭയുടെ സ്പന്ദനം ശരിക്കും മനസ്സിലാക്കിയ ഒരു പാത്രിയർക്കീസാണെന്ന കാര്യം നമുക്കഭിമാനിക്കാം. ഈ ഓർമ്മകൾ പേറിയാണ് കഴിഞ്ഞമാസം 12-ാം തീയതി കാരകിൽ വൃക്ഷങ്ങളാൽ അലംകൃതമായ ലെബനോനിൽ എത്തിച്ചേർന്നത്.

ഇപ്പോൾ പാത്രിയർക്കാ ആസ്ഥാനം സിറിയായിലുള്ള ഡമാസ്കസിലാണ്. അവിടെയാണ് ബാവ സ്ഥിരമായി താമസിക്കുന്നത്. സഭാകേന്ദ്രവും ഓഫീസുകളും അവിടെയാണ് സ്ഥിതി ചെയ്യുന്നത്. അന്തർദേശീയ സമ്മേളനങ്ങളും എക്യുമിനിക്കൽ മീറ്റിംഗുകളും ലെബനോനിലെ അച്ചാനിയിലുള്ള പാത്രിയാർക്കാ സെന്ററിലാണ് നടത്തുന്നത്. കാരണം വിദേശികളുടെ വരവിനും മറ്റും സുരക്ഷാക്രമീകരണങ്ങളും ലെബനോനിലാണ് കൂടുതലായുള്ളത്. ഇവിടെ കോൺഫ്രൻസ് ഹാളുകളും പാത്രിയർക്കാ ഓഫീസുകളും സ്ഥിരമായി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 40 പേർക്ക് താമസിക്കുവാനുള്ള മുറികളും മറ്റു സൗകര്യങ്ങളും കൂടുതലായി ലെബനോനിൽ ഉണ്ട്. ലെബനോനിൽ അന്തർദേശിയ എക്യുമിനിക്കൽ മീറ്റിംഗ് നടത്തുവാനുള്ളതുകൊണ്ട് 12-ാം തീയതി മുതൽ ബാവാ ഇവിടെ ഉള്ളതിനാലാണ് എനിക്ക് സന്ദർശനാനുമതി ലഭിച്ചത്. ഈ മീറ്റിംഗിന്റെ ക്രമീകരണത്തിനുവേണ്ടി ലെബനോനിലുള്ള എല്ലാ ആർച്ച് ബിഷപ്പുമാരും അവിടെ വന്നതിനാൽ അവരെയൊക്കെ കാണുവാനും പരിചയപ്പെടുവാനും സാധിച്ചു. ഒരാഴ്ചത്തെ താമസവും സംഭാഷണങ്ങളും ഒരു വലിയ അനുഗ്രഹമായി കരുതുകയാണ്. ഈ അവസരത്തിൽ ബാവയുടെ നിർദ്ദേശപ്രകാരം ക്ലീമ്മീസ് ദാനിയൽ മെത്രാപ്പോലീത്തയൊടൊപ്പം ഉറഹാക്കാരുടെ സെന്റ് അഫ്രേം ദേവാലയം സന്ദർശിച്ചു. ജോർജ്ജ് മിൽഡാ ദമ്പതികളുടെ ഭവനം സന്ദർശിക്കുകയും പരിചയപ്പെടുകയും ചെയ്തു. സെന്റ്

*(ശേഷം പേജ് 25-ൽ)*

# സ്നേഹാഗ്നിയിൽ നിറഞ്ഞ പുരോഹിതൻ:

## ഒരു അനുസ്മരണം

**സോണി. കെ.കെ., കൊച്ചുചിറ (അദ്ധ്യാപകൻ) പള്ളിക്കൂത്ത്**

**സെന്റ്മേരീസ് ക്നാനായപള്ളി, നിലംപൂർ**



ഞങ്ങൾക്കേറെ ഇഷ്ടമായിരുന്നു...
കരുതലിന്റെ നനവുണ്ടായിരുന്നു...
സാന്ത്വനത്തിന്റെ തൂവൽസ്പർശമായിരുന്നു..

ഏവരേയും സങ്കടത്തിന്റെ ആഴക്കടലിൽ മുക്കി, അങ്ങ് യാത്രയായി.. ആ നനവോർമ്മകൾക്ക് ഒരാണ്ടിന്റെ പഴക്കം.

പള്ളിക്കൂത്ത് സെന്റ് മേരീസ് ക്നാനായപ്പള്ളിയെ മൂന്ന് പതിറ്റാണ്ടിലധികം നയിച്ച കർമ്മധീരതയെ നിലമ്പൂരിലെ ക്നാനായ സമൂഹം നെഞ്ചോട് ചേർത്ത് പിടിക്കുന്നു.

റാന്നി പാറാണിക്കൽ പരേതരായ ഉണ്ണിട്ടന്റെയും ചാച്ചിക്കുട്ടിയുടെയും മകനായ ബഹു. തോമസ് അച്ചൻ ദീർഘകാലം അദ്ധ്യാപകനായും തന്റെ കർമ്മ മണ്ഡലത്തിൽ സ്തുത്യർഹ സേവന മനുഷ്ഠിച്ചു. പ്രധാനാദ്ധ്യാപകനായി വിരമിച്ച അദ്ദേഹത്തെ ഏവരും സ്നേഹപൂർവ്വം 'അച്ചൻമാഷ്' എന്നാണ് വിളിച്ചിരുന്നത്. ദീർഘ വർഷങ്ങൾ അസുഖങ്ങളാൽ വലഞ്ഞ അദ്ദേഹം കുടുംബത്തിന്റെ കരുതലിലും പ്രാർത്ഥനയുടെ തണലിലും വാടാതെ തളിർത്തു നിന്നു. സഹധർമ്മിണിയുടെ പിന്തുണയും മക്കളുടെ പ്രോത്സാഹനവും പൗരോഹിത്യ ശുശ്രൂഷയിൽ തിളങ്ങുന്ന മുത്താകാൻ ബഹു. അച്ചനെ ഏറെ സഹായിച്ചു.

പ്രാർത്ഥനയുടെ അടിത്തറമേൽ നിശ്ചയ ദാർഢ്യത്തിന്റെ ഉറപ്പുകൊണ്ട് അങ്ങ് പടുത്തുയർത്തിയ ഞങ്ങളുടെ ദൈവാലയം ഒരു പ്രദേശത്തിന്റെ വിളക്കായി ഇന്നും ശോഭിക്കുന്നു. എളിയവനെ കരുതിയും ദുർബ്ബലനെ താങ്ങിയും ഒറ്റപ്പെട്ടവന് സാന്ത്വനം നൽകിയും അങ്ങ് പകർന്നുതന്ന സ്നേഹ സുവിശേഷം സ്വർഗ്ഗത്തോളം വലുതാണ്.

പിതാവിന്റെ അവസാന യാമങ്ങളിലും അബോധ മനസ്സിൽ സ്വന്തം ജനങ്ങളെക്കുറിച്ചുള്ള നീറുന്ന ചിന്തകളായിരുന്നു. പുതിയൊരു പുരോഹിതനെ ഇടവകയിലേക്ക് നിയോഗിച്ചപ്പോഴും രോഗത്തിന്റെ തീവ്ര നൊമ്പരങ്ങൾക്കിടയിലും ഒരു പിതാവിന്റെ കരുതലിന്റെ ഉറവ വറ്റാത്ത സ്നേഹം ഇടവക തിരിച്ചറിഞ്ഞു.

അദ്ദേഹത്തിന്റെ അടങ്ങാത്ത ആഗ്രഹത്തിന്റെ സാഫല്യമായി ഒരടയാളപ്പലകപ്പോലെ മനോഹരമായ ഒരു സൗധം (പാർസണേജ്) ഇന്ന് പള്ളിയോട് ചേർന്ന് നിൽക്കുന്നു.

അങ്ങയുടെ ഭൗതീക ശരീരം അവസാനമായി ദൈവാലയത്തിലേക്ക് കൊണ്ടുവന്ന ദിവസം തേങ്ങലൊതുക്കി യാത്രാമൊഴിയേകിയവരിൽ നൂറുകണക്കിന് ഹിന്ദു മുസ്ലീം സഹോദരൻമാരുണ്ടായിരുന്നു. അവരുടെ കണ്ണീരുപ്പിന് സ്നേഹത്തിന്റെ നനവുണ്ടായിരുന്നു. അവഗണനയുടെ നട്ടുച്ചവെയിലിൻ തളർന്നവരെ അദ്ദേഹം ചേർത്തുപിടിച്ചു. മുറിവേറ്റ മനസ്സുകളിലേക്ക് കാരുണ്യത്തിന്റെ പാലങ്ങൾ പണിതുയർത്താൻ അദ്ദേഹം തന്റെ പൗരോഹിത്യത്തെ ഉപയോഗിച്ചു.

കാലവർഷമെത്ര ആഞ്ഞ് തിമിർത്ത് പെയ്താലും...എത്ര കാലം വെയിലേറ്റാലും...വാടാത്ത മങ്ങാത്ത ഓർമ്മയായി അതിലുപരി ഒരു വിസ്മയമായി പ്രിയ പിതാവ് ഞങ്ങളുടെ ഹൃത്തിലുണ്ടാകും.

---

## *പ്രത്യാശയും നിരാശയും*

*(പേജ് 20 തുടർച്ച)*

വളരുന്നതിന് പ്രോത്സാഹനം കിട്ടുന്നില്ല എന്ന് പരാതി പറയുന്നവരെ നാം എവിടെയും കാണാറുണ്ട്. മരത്തിൽ കയറുന്ന ഒരാളെ താഴെ നിൽക്കുന്ന ആളിന് കൈയ്യെത്തും ദൂരം വരെ മാത്രമെ കയറ്റി വിടാൻ പറ്റുകയുള്ളൂ. സൗകര്യങ്ങളും പ്രോത്സാഹനങ്ങളും മാത്രമല്ല തടസ്സങ്ങളും പ്രയാസങ്ങളുമാണ് മനുഷ്യന് മഹത്വം നൽകുന്നത്. അപകടത്തിൽ ഒരു കാലു നഷ്ടപ്പെട്ട വികലാംഗനായ അമേരിക്കക്കാരൻ ടോം വിറ്റങ്കർ രണ്ടു പ്രാവശ്യം എവറസ്റ്റിന്റെ ഉച്ചിയിൽ കാൽ ചവിട്ടാൻ ധീരമായ പരിശ്രമം നടത്തി പരാജയപ്പെട്ടു. എന്നാൽ മൂന്നാം തവണ തന്റെ ലക്ഷ്യത്തിൽ അയാൾ വിജയിച്ചു. ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഒരു മഹത്തായ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം തന്റെ വൈകല്യത്തിൽ നിരാശനായിരിക്കാതെ പ്രത്യാശയോടെ നടത്തിയ പരിശ്രമം മറ്റുള്ളവർക്കു എന്നും പ്രചോദനമായിത്തീർന്നു. One important key to success is self confidence. An important key to self confidence is preparation. സ്റ്റീഫൻ ഹോക്കിംഗ് എന്ന അതുല്യ പ്രതിഭ പറയുന്നു എത്ര പ്രയാസകരമാണെന്നു തോന്നിയാലും മനസ്സുവച്ചാൽ നിങ്ങൾക്ക് നേടിയെടുക്കാവുന്നതായി എന്തെങ്കിലും ഉണ്ടാവാതിരിക്കില്ല. അതിന് നിരാശയുടെ കളകൾ പിഴുതെറിഞ്ഞ് പ്രത്യാശയുടെ വിത്തുകൾ നട്ടുവളർത്തണം. നൂറ് ആടുകളിൽ ഒന്ന് നഷ്ടപ്പെടുമ്പോൾ പ്രതീക്ഷയോടെ നഷ്ടപ്പെട്ടുപോയതിനെ തേടിയിറങ്ങുന്ന മനോഭാവം വളർത്തിയെടുക്കാൻ നമുക്കു സാധിക്കട്ടെ.

# ഏവൻഗേലിയോൻ ദീപം



ഫാ. മനു സ്ക്കറിയ കോയിത്ര

## കൊത്തിനെ ഞായർ
## യോഹ. 2:1 – 11 (19 – 2 – 2023)

“മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു ഒരു കല്യാണം ഉണ്ടായി. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനേയും ശിഷ്യന്മാരേയും കല്യാണത്തിനു ക്ഷണിച്ചു. വീഞ്ഞു പോരാതെ വരികയാൽ യേശുവിന്റെ അമ്മ അവനോട് അവർക്ക് വീഞ്ഞ് ഇല്ല എന്നു പറഞ്ഞു. യേശു അവളോട് സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത് എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു.

ഇന്ന് പലപ്പോഴും പ്രൊട്ടസ്റ്റൻന്റ് സഭകൾ വിമർശിക്കുന്ന ഒരു ഭാഗം ആണ് സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? ഇത് ഇന്ന് പല ആളുകളും എടുത്ത് ഉദ്ധരിക്കാറുണ്ട്. ദൈവമാതാവില്ലാതെ അമ്മയോടുള്ള ഭയഭക്തി ഇല്ലാതെ പോയാൽ ഒരു സഭയും പൂർണ്ണമാകയില്ല. നമ്മുടെ പുരാധന ബൈബിൾ ആയ പ്ശീത്തോ ബൈബിളിൽ ഏമോ= മാതാവ് എന്ന പദം കൊണ്ടാണ് പരി. അമ്മയെ കർത്താവ് വിശേഷിപ്പിച്ചത്. നമ്മുടെ കർത്താവ് ദൈവമാതാവിനെ അമ്മേ എന്നു വിളിച്ചിട്ടുണ്ടെങ്കിൽ എത്രമാത്രം സ്ഥാനം ഇന്ന് സഭകളിൽ മാതാവിനു നൽകണം.

ഈ വേദഭാഗത്തിൽ നാം പരിശോധിക്കുമ്പോൾ ഈ വിരുന്നു ഭവനത്തിൽ വീഞ്ഞ് തീർന്നുപോകുന്ന അവസ്ഥ കാണുവാൻ സാധിക്കും. ഭവന വാസികളുടെ വലിയ ആശങ്ക കണ്ട് മാതാവ് പുത്രനോട് ഇവർക്ക് വീഞ്ഞ് ഇല്ല എന്നു പറയുന്നത് കാണാം. രണ്ടോ, മൂന്നോ പറ കൊള്ളുന്ന കൽപാത്രങ്ങളിലെ പച്ചവെള്ളത്തെ നമ്മുടെ കർത്താവ് മേൽത്തരം വീഞ്ഞാക്കി മാറ്റുന്നതും കാണാം. എന്താണ് നാം ഈ വേദഭാഗങ്ങളിലൂടെ മനസ്സിലാക്കുന്നത്.

**1. ജീവിതത്തിൽ ഉണ്ടാകുന്ന പോരായ്മയുടെ അവസ്ഥ**

എല്ലാ മനുഷ്യ ജീവിതങ്ങളിലും ഉണ്ടാകുന്ന നിരാശയുടെ ഉത്ഭവം പോരായ്മയിൽ നിന്നാണ്. എന്തെങ്കിലും ഒരു കുറവ് ഭവനത്തിൽ ഉണ്ടാകുന്ന അവസ്ഥ സമൂഹത്തിൽനിന്നും ഒളിച്ചോടുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. രൂത്തിന്റെ പുസ്തകം 1:1–17 ഭാഗങ്ങളിൽ കൊടും ക്ഷാമത്തിന്റെ പിടിയിൽ ദാരിദ്രം അനുഭവിച്ചിരുന്ന ബേത്‌ലഹേമിലെ ഏലിമെലേക്- നൊവാമി ദമ്പതികളുടെ കുടുംബം നാം കാണുന്നു. ഏലിമെലേക് മരിച്ചു, അദ്ദേഹത്തിന്റെ 2 പുത്രന്മാരും മരിച്ചു. നൊവൊമിയുടെ ഒരു മരുമകൾ തിരിച്ചുപോയി. എന്നാൽ നല്ലവളും, കറതീർന്നവളുമായ രൂത്ത് അവളുടെ അമ്മായിഅമ്മയെ വിട്ട് ഓടിപോയില്ല. അവൾക്ക് തന്റെ അമ്മായിഅമ്മയെ വലിയ കരുതൽ ഉണ്ടായിരുന്നു. രൂത്ത് തന്റെ മോവാബ്യ ദൈവങ്ങളെ പരിപൂർണ്ണമായി ഉപേക്ഷിക്കുക മാത്രമല്ല പുതിയ ഭാവി നൽകേണ്ട യിസ്രായേൽ ജനതയുടെ ദൈവത്തെ അമ്മായി അമ്മയായ നൊവോമിയുടെ ഉപദേശപ്രകാരം സ്വീകരിക്കുവാനും ഉറപ്പുള്ള വിശ്വാസത്തിൽ വളരുവാനും തയ്യാറായിരുന്നു. അവളുടെ സ്വന്തം പോരായ്മപോലും മറന്ന് തന്റെ അമ്മായി അമ്മയുടെ കണ്ണീർ അവൾ തുടച്ചു. അതുകൊണ്ട് ദൈവനിശ്ചയ പ്രകാരമുള്ള നടത്തിപ്പ് അവളുടെ ജീവിതത്തിൽ ഉണ്ടായി. ഒരു നാൾ കാലാ (മിച്ചമുള്ള ധാന്യം) പെറുക്കുവാൻ ധനാഢ്യനായ ബോവസിന്റെ വയലിലേക്ക് പോയി. ബോവസിന്റെ ഹൃദയത്തിൽ വലിയ സ്ഥാനത്തേക്ക് രൂത്ത് ഉയർത്തപ്പെടുന്നതായും വേഗഭാഗത്ത് കാണുവാൻ സാധിക്കും.

**2. നമ്മുക്കുവേണ്ടി മധ്യസ്ഥത നടത്തുന്ന ദൈവമാതാവ്**

നമ്മെ കാണുകയും അറിയുകയും ചെയ്യുന്ന ഒരു അമ്മ നമ്മുക്ക് ഉണ്ട്. പരി. സഭയിൽ നാം ജനിക്കുന്നത് പരി. ദൈവമാതാവിലൂടെയാണ് അതായത് മാമോദീസാ തൊട്ടിയിലൂടെയുള്ള ജനനം. അപ്പോൾ നാം ഓരോരുത്തരും ദൈവമാതാവിന്റെ മക്കൾ ആണ്. കൊത്തിനെ പട്ടണത്തിലെ ആ ഭവനത്തിലെ കുറവ് പരി. അമ്മ കണ്ട് പുത്രന്റെ മുമ്പാകെ അറിയിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിലെ എല്ലാ കുറവുകളും അമ്മയാൽ നികത്തപ്പെടുന്നത് സാധ്യം ആണ്. ആ നല്ല മനസ്സ് കണ്ട് ആണ് പിതാവാം ദൈവം “സ്വർഗ്ഗത്തിനുടെ വാതിൽക്കൽ “നിൽക്കുവാനുള്ള സ്വാതന്ത്ര്യം പരി.ദൈവമാതാവിന് നൽകിയത്. നീതിമാൻമാരോടുള്ള ഓർമ്മ വാഴ്വിനായി ഭവിക്കും എന്ന് തിരുവചനത്തിൽ കാണുവാൻ സാധിക്കും.

**3. പച്ചവെള്ളത്തെ വീഞ്ഞാക്കിയവനായ നമ്മുടെ കർത്താവ്**

മണമോ, ഗുണമോ, നിറമോ ഇല്ലാത്ത പച്ചവെള്ളത്തെ നമ്മുടെ കർത്താവ് മണവും, ഗുണവും, നിറവും ഉള്ള മേൽത്തരം വീഞ്ഞാക്കി. കർത്താവിന്റെ കരത്തിനടുത്ത് നാം ഉണ്ടെങ്കിൽ ഇതേ അനുഭവത്തിലൂടെ നാം കടന്നു വരും. സങ്കീ. 27:5 പറയുന്നതുപോലെ “അനർഥ ദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും. തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും”.

നാം ഒരിക്കലും മറക്കാൻ ഇടയില്ല കോവിഡിന്റെ മഹാമാരി പലരേയും വിഴുങ്ങിയപ്പോൾ നാം ഇന്നും ആയിരിക്കുന്നത് ഈ കരത്തിന്റെ അരികിൽ നാം ഓരോരുത്തരും ഇന്നും വസിക്കുന്നതുകൊണ്ടാണ്. ഭവനവാസികളുടെ കണ്ണീർ ഒപ്പിയവനാണ് നമ്മുടെ കർത്താവ്. വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുമ്പോൾ ‘എന്റെ കർത്താവേ ഈ വിശുദ്ധ നോമ്പിലൂടെ നല്ല വിശുദ്ധിയും, അനുഗ്രഹങ്ങളും ലഭിക്കുവാൻ എന്നെ അർഹനാക്കേണമേ എന്ന് മനസ്സിൽ ഉരുവിടുവാൻ നമ്മുക്കു സാധിക്കണം.

കാനാവിലെ കല്ല്യാണത്തിനു ദാനത്തിന്റെ ഉത്തമ മാതൃക കാണിച്ച പരി. അമ്മ നമ്മുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ എന്ന് ആശംസിക്കുന്നു. പരി. നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവാക്കുന്ന ദുഷ്ടന്റെമേൽ തോൽക്കാത്ത ആയുധവും ആണ്. ആ നോമ്പ് നമ്മെ ഏവരേയും ശുദ്ധീകരിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ഗർബോ ഞായർ (ലൂക്കോ. 5:12–16, 4:40–41) (26–2–2023)

ഈ വേദഭാഗത്തിലൂടെ കുഷ്ടരോഗിയായ ഒരു മനുഷ്യനെ നമ്മുടെ കർത്താവ് സുഖപ്പെടുത്തുന്നതു കാണുവാൻ സാധിക്കും. ഏതൊരു മനുഷ്യരും കാണാൻ വിസമ്മിതിക്കുന്ന, ആട്ടിപ്പായിക്കുന്ന ഒരു വ്യാധിയാണ് കുഷ്ഠം. എങ്കിൽ ആ മനുഷ്യനെ സ്വീകരിച്ച്, സ്പർശിച്ചു, സുഖപ്പെടുന്ന നമ്മുടെ കർത്താവ്. ലൂക്കോ. 5:12ൽ കാണുന്നു; കുഷ്ഠം നിറഞ്ഞ മനുഷ്യൻ യേശുവിനെ കണ്ട് കവിണുവീണു "കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും." ഇവിടെ എടുത്തു പറയേണ്ടുന്ന ഒരു വാചകം "കവിണുവീണു" എന്നാൽ സാഷ്ടാംഗം വീഴുക. എവിടെ കർത്താവിന്റെ പാദത്തിങ്കൽ നാം ഒരു നിമിഷം ചിന്തിക്കണം ഇന്ന് നമ്മുടെ ജീവിതത്തിലെ പല പ്രതിസന്ധികളുടെയും കാരണം. ദൈവതിരുമുമ്പാകെ നിരപ്പാകുവാൻ ഇന്ന് നമ്മുക്ക് സാധിക്കുന്നില്ല എന്നതാണ്. കാനോനിക നിയമം അനുസരിച്ച് വർഷത്തിൽ ഒരു പ്രാവശ്യം എങ്കിലും കുമ്പസാരിക്കാത്തവൻ പള്ളിയിലോ, പൊതുയോഗത്തിലോ ഇരിക്കാൻ യോഗ്യനല്ല. പരി. സഭയിൽ ആണ്ടു കുമ്പസാരംപോലും നിർവ്വഹിക്കാത്തവരാണ് ഭൂരിഭാഗം. തങ്ങളുടെ ജീവിതത്തിൽ വന്നുപോയ തെറ്റുകൾ ക്ഷമിക്കപ്പെടണമെങ്കിൽ കർത്താവിന്റെ തിരുമുമ്പാകെ വീഴുവാൻ അല്ലെങ്കിൽ ശിരസ്സ് നമിച്ച് പശ്ചാത്തപിച്ച് ഏറ്റു പറഞ്ഞെങ്കിൽ മാത്രമേ സാധ്യമാകൂ. സങ്കീ.119:89 പറയുന്നു "യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു" ഈ സ്വർഗ്ഗത്തിലെ തിരുവചനം നമ്മുക്ക് ലഭിച്ചത് നമ്മുടെ പൂർവ്വികർ കർത്താവിന്റെ തൃപ്പാദത്തിൽ ഇരുന്ന് വചനം ശ്രവിച്ചപ്പോൾ ആണ്. ഇന്ന് നമ്മുടെ ക്നാനായ സുവിശേഷ യോഗങ്ങളിൽ പോലും ആളുകൾ വളരെ കുറവാണ്. കാരണം സോഷ്യൽ മീഡിയുടേയും മറ്റ് മാധ്യമങ്ങളുടേയും സ്വാധീനം വിശ്വാസികളിൽ സ്വാധീനം ചെലുത്തുന്നു. ലൂക്കോ. 5:13 ൽ യേശു കൈ നീട്ടി അവനെ തൊട്ടു 'എനിക്ക് മനസ്സുണ്ട് ശുദ്ധമാക' എന്നു പറഞ്ഞു ഉടനെ കുഷ്ഠം വിട്ടുമാറി. സദൃ.30:5 പറയുന്നു ദൈവത്തിന്റെ സകല വചനവും ശുദ്ധിചെയ്തതാകുന്നു. നമ്മുടെ കർത്താവ് അവനെ തൊടുമ്പോൾ തന്നെ അവനിലേക്ക് ദൈവവചനം പ്രവേശിക്കയാണ്. ആ വചനം ശുദ്ധിയുള്ളതും, അവനെ ശുദ്ധീകരിക്കുന്നതും ആയിരുന്നു. കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ "ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവൻ വിശക്കുകയില്ല. ദാഹിക്കുകയുമില്ല" എന്ന് പറഞ്ഞവൻ കടന്നു വരുന്ന നിമിഷമാണ്. വി. കുർബ്ബാന. ഈ കുർബ്ബാന പൂർണ്ണമായും കാണുന്ന വിശ്വാസികൾ ഇന്ന് വിരളമാണ്. നമ്മെ സൗഖ്യമാക്കാൻ അനുഗ്രഹിക്കാൻ കഴിയുന്ന കരം. വി. കുർബ്ബാന നിമിഷത്തിൽ ഇറങ്ങി വരുന്നുണ്ട് എന്ന പരമാർത്ഥം നാം വിസ്മരിക്കരുത്.

## മ്ശറിയോ ഞായർ (മർക്കോ. 2: 1–12) (5–3–2023)

ദൈവത്താൻ അനുഗ്രഹിക്കപ്പെട്ടവരെ നാം നോമ്പിലെ 3–ാം ഞായറാഴ്ചയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. മ്ശറിയോ ഞായർ എന്നാൽ തളർവാത രോഗിയെ നമ്മുടെ കർത്താവ് സുഖമാക്കിയ ഞായറാഴ്ച. ഇന്ന് വിശുദ്ധ ഏവൻഗേലിയോൻ ശുദ്ധമുള്ള മർക്കോ. 2:1–12 സാരാംശം നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു കർത്താവിന്റെ അടുക്കൽ വന്നു. മേൽപ്പുര പൊളിച്ചു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി. അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോടു "മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു കർത്താവ് പറയുകയാണ് ഒന്നാമതായി ചിന്തിച്ചാൽ നമ്മുടെ കർത്താവ് ആ പക്ഷവാതക്കാരനിൽ കാണുന്നത് അവന്റെ പാപം ആണ്. "പാപം മൂലം പലവിധ രോഗം" എന്നു പറയാറുണ്ടല്ലോ. നമ്മെ പലതരത്തിലുള്ള രോഗങ്ങൾക്ക് അടിമയാക്കുന്നത് നമ്മുടെ പാപങ്ങൾ ആണ്. (യെശ. 6:5, 6:7) ൽ കാണുന്നു "എനിക്കു അയ്യോ കഷ്ടം ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. അപ്പോൾ സാറാഫുകളിൽ ഒരുത്തൻ ഒരു കൊടിൽകൊണ്ട് തീക്കനൽ എടുത്തു അവന്റെ തൊട്ടു. "ഇതാ ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീക്കി പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്ന് പറഞ്ഞു. പക്ഷവാതക്കാരന്റെ മാത്രമല്ല ചുമന്നുകൊണ്ടുവന്ന അവരുടെ വിശ്വാസംവരെ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനു കാരണം ആകുകയാണ്. പലപ്പോഴും ദൈവാലയത്തിൽ വിശ്വാസമില്ലാത്തവർ കടന്നുവരാറുണ്ട്. എന്നാൽ അവരുടെ ചേഷ്ടകൊണ്ടു നമ്മുക്ക് അത് തിരിച്ചറിയാം. അവിടെ അവനും രക്ഷ ലഭിക്കുന്നുണ്ടെങ്കിൽ കൂടെയുള്ള വിശ്വാസികളുടെ പ്രാർത്ഥന കൊണ്ട് ആണ്. വി. കുർബ്ബാനയിലൂടെ നാം പുതുക്കത്തിന്റെ അനുഭവം സമ്പാദിക്കണം. (എഫെ. 4:23–24) "സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചു കൊൾവിൻ എന്ന് പൗലോസ്ശ്ലീഹ പറയുന്നുണ്ട്. നല്ല പുതുക്കത്തിന്റെ അനുഭവത്തിലൂടെയും നമ്മുക്ക് പാപമോചനം ലഭ്യമാക്കുവാൻ സാധിക്കും.

മർക്കോ.2:11 ലൂടെ പക്ഷവാതക്കാരനോട് കർത്താവ് നിന്റെ കിടക്ക എടുത്തു വീട്ടിലേക്ക് പോക എന്നു പറയുന്നുണ്ട്. ഇത് വിമർശകരായ പരീശന്മാർക്കുള്ള മറുപടി ആണ്. കാരണം, ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആര്? എന്ന ചോദ്യം അവരിലുണ്ടായിരുന്നു. ഈ ചിന്ത കർത്താവ് അറിഞ്ഞിട്ടാണ്. മർക്കോ. 1:2–10 "എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരം ഉണ്ട് എന്നു നിങ്ങൾ അറിയേണ്ടതിനു കിടക്ക എടുത്തു നടക്ക" എന്നു കർത്താവ് പറയുന്നു. വി. കുമ്പസാരം ഒരു സത്യ കൂദാശയാണ്. മനുഷ്യ പുത്രൻ പാപങ്ങളെ മോചിച്ചതുപോലെ വി. പൗരോഹിത്യത്തിനു പാപങ്ങളെ മോചിപ്പാൻ സാധിക്കും.

## ക്നാനൈത്തോ ഞായർ വി. മത്താ. 15:21–31 (12–3–2023)

ഇവിടെ നമ്മുടെ കർത്താവ് കനാന്യ സ്ത്രീയുടെ മകളെ സൗഖ്യപ്പെടുത്തുന്നത് കാണുവാൻ സാധിക്കും (മത്താ.15:22). കനാൻകാരി സ്ത്രീ കർത്താവിന്റെ പിന്നാലെ വന്നുകൊണ്ട് ദാവീദുപുത്രാ എന്നോടു കരുണ തോന്നണമേ... എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരുന്നു എന്നു പറയുന്നു.

എന്നാൽ യേശു തമ്പുരാൻ ഒരു വാക്കും അവളോട് പറയുന്നില്ല. എന്നാൽ ശിഷ്യന്മാർ അടുക്കൽ വന്നിട്ട് പറയുകയാണ് "നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടുവരുന്ന അവളെ പറഞ്ഞയക്കണമെ എന്ന്."

വി. ശ്ലീഹന്മാരുടെ വലിയ മധ്യസ്ഥത ഇതിലൂടെ കാണുവാൻ സാധിക്കും. പരി. സഭയിൽ മധ്യസ്ഥന്മാർക്കും ശുദ്ധി

മതികൾക്കും വലിയ സ്ഥാനം ഉണ്ട്. അതുകൊണ്ടാണ് ദുഖ്റോനൊ പെരുന്നാളുകൾ ഭയഭക്തിയോടെ ആർഭാടമായി ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നത്. (ഇയോബ്. 42:7) ദൈവത്തെക്കുറിച്ച് വിഹിതമായത് സംസാരിക്കാതിരുന്നതു കൊണ്ട് ദൈവം ഇയോബിന്റെ മൂന്നു സ്നേഹിതന്മാരോടു കോപിക്കുന്നുണ്ട്. എന്നാൽ ഏഴു കാളകളേയും, ഏഴു ആട്ടിൻ കൊറ്റനേയും ഇയോബിന്റെ അടുക്കൽ കൊണ്ടു ചെന്നു ഈ മൂന്നു സഹോദരങ്ങൾ ഹോമയാഗം കഴിക്കണം എന്ന് ദൈവം കല്പിക്കുകയാണ് (ഇയോബ്. 42:8). യഹോവ കല്പിക്കുന്നു "എന്റെ ദാസനായ ഇയോബ് നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും ഞാൻ അവന്റെ മുഖത്തെ ആദരിച്ചു. നിങ്ങളുടെ മൂഢതയ്ക്ക് തക്കവണ്ണം നിങ്ങളോടു ചെയ്യാതിരിക്കും."

എന്നാൽ പരി.സഭ ശ്ലീഹന്മാർക്കുവേണ്ടി ദൈവത്തോട് മധ്യസ്ഥത നടത്തുന്നതായി കാണുവാൻ സാധിക്കും. (അ. പ്ര. 12:5) "ഇങ്ങനെ പത്രോസിനെ തടവിൽ സൂക്ഷിച്ചുവരുമ്പോൾ സഭ ശ്രദ്ധയോടെ അവനുവേണ്ടി ദൈവത്തോട് പ്രാർത്ഥന കഴിച്ചു പോന്നു".

(ഫിലി.1:19) "നിങ്ങളുടെ പ്രാർത്ഥനയാലും യേശുവിന്റെ ആത്മാവിന്റെ സഹായത്താലും അതു എനിക്ക് രക്ഷാകാരണമായിത്തീരും എന്നു ഞാൻ അറിയുന്നു. പരി. സഭയിൽ മധ്യസ്ഥന്മാർ നമ്മുക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ സകല പ്രതിസന്ധികളിലും, കലഹങ്ങളും മാറ്റപ്പെടും. എന്നാൽ സഭ വിശുദ്ധന്മാർക്കും, പുരോഹിതന്മാർക്കും, മെത്രാപ്പോലീത്തന്മാർക്കുംവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം തക്കതായ പ്രതിഫലം നൽകുന്നു എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

(മത്താ.15:25, 26, 27) എന്നാൽ അവൾ വീണ്ടും പ്രത്യാശയോടു കർത്താവിന്റെ സന്നിധിയിൽ വന്നുകൊണ്ട് പറയുന്നു "കർത്താവേ എന്നെ സഹായിക്കേണമെ എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. അവനോ: മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ട് കൊടുക്കുന്നത് നന്നല്ല" എന്ന് പറഞ്ഞു. മറുപടിയായി അവൾ പറയുന്നു; "അതേ കർത്താവേ... നായ്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുണ്ടല്ലോ എന്ന്. ഇത് കർത്താവിന്റെ മുമ്പാകെയുള്ള അവളുടെ വിധേയത്വം ആണ്." "താണനിലത്ത് നീരോടും അവിടെ ദൈവം തുണ ചെയ്യും" എന്ന പഴഞ്ചൊല്ല് ഇവിടെ ഓർക്കാം.

പരി. ദൈവമാതാവിനേപോലെ ക്നാൻകാരി സ്ത്രീയും കർത്താവിന്റെ മുമ്പാകെ ഒരു താണ നിലമായി മാറി അപ്പോൾ കർത്താവിന്റെ വാത്സല്യം അവളിലേക്ക് മുഴുകുവാൻ ഇടയായി. മത്തായി 15-18 "സ്ത്രീയേ നിന്റെ വിശ്വാസം വലിയതു നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ". ആ നാഴിക മുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു എന്ന് തിരുവചനം ഓർമ്മപ്പെടുത്തുന്നുണ്ട്.

നാം എപ്പോഴും ദൈവതിരുമുമ്പാകെ വിനയമുള്ളവരാകണം, നീതികരിക്കപ്പെട്ടരാകണം. എങ്കിൽ മാത്രമെ ആ ദൈവസ്നേഹത്തിന് അരുമ മക്കളായി തീരുവാൻ നമുക്ക് സാധിക്കയുള്ളൂ. ആദിമ നീതിജ്ഞരായ സകല പരി. പിതാക്കന്മാരും അപ്രകാരം ആയിരുന്നു. അതുകൊണ്ട് ദൈവസ്നേഹം അവരുടെമേൽ ഉണ്ടായി. കർത്താവ് അഞ്ച് അപ്പവും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിക്കുവാൻ സാധിച്ചെങ്കിൽ അതിനു കാരണം ആ ജനം വചനം കേൾക്കുവാൻ കർത്താവിന്റെ കാൽചുവട്ടിൽ നിലത്തിരിക്കുവാൻ സാധിച്ചപ്പോൾ ആണ്. ഇത് നാം മനസ്സിലാക്കി പരസ്പരം പ്രാർത്ഥിക്കുന്നവരാകുവാനും ദൈവതിരുമുമ്പാകെ വിനയം ഉള്ളവരായി തീരുവാനും നമുക്ക് സാധിക്കണം. ദൈവം അനുഗ്രഹിക്കട്ടെ.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, ലെയ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, ലിയോ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, കോട്ടയം**

**തോമസ് പുല്ലരിക്കുന്ന്**

**ഒരു വിശ്വാസി**

**ഒരു വിശ്വാസി, മലബാർ**

### *മഹാ ഇടയനൊപ്പം*

*(പേജ് 21 തുടർച്ച)*

ജോസഫ് യൂണിവേഴ്സിറ്റിയിൽ നിന്നു വേദശാസ്ത്രം പഠിച്ച കുടുംബനാഥയായിരുന്നതിനാൽ ലെബനോനിലെ സുറിയാനിക്കാരുടെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നതിനു കഴിഞ്ഞു.

പാലസ്തീൻ അഭയാർത്ഥികളുടെ വരവോടെ ലോകത്തിലെ സമ്പന്നരുടെ സുഖവാസകേന്ദ്രമായ ലെബനോൻ സാമ്പത്തിക തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവിടുത്തെ സമ്പത്തിൽ ഭൂരിഭാഗവും അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി ചില വഴിക്കുകയാണ്. കരണ്ടും വെള്ളവും ഉപയോഗിക്കുന്നതിൽ വളരെ നിയന്ത്രണങ്ങൾ ഉണ്ട്. അവർ താമസിക്കുന്ന അഞ്ചാം നിലയിൽ ലിഫ്റ്റ് പ്രവർത്തിക്കാത്തതിനാൽ നടന്നു കയറുകയാണ് ഉണ്ടായത്. ഇടയ്ക്കിടയ്ക്ക് ആക്രമണങ്ങളും ഷെൽവർഷവും ഉണ്ടാകാറുണ്ട്. ക്രൈസ്തവ ചെറുപ്പക്കാർ ഭൂരിപക്ഷവും കാനഡായിലേക്കും മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കും കുടിയേറുന്ന സ്ഥിതിവിശേഷമാണവിടെയുള്ളത്. മദ്ധ്യേഷ്യയിലെ ഏറ്റവും സുരക്ഷിതവും സമ്പന്നവുമെന്ന് കരുതിയ രാജ്യം അനദിവിദൂരഭാവിയിൽ ഒരു ഇസ്ലാമിക രാഷ്ട്രമായി മാറാനുള്ള സാദ്ധ്യത ഏറിവരുകയാണ്. മുസ്ലീം ജനപ്പെരുപ്പവും ക്രൈസ്തവ കുടുംബങ്ങളിലെ അംഗസംഖ്യ കുറവും കുടിയേറ്റവുമാണിതു കാരണം.

എന്റെ യാത്രയ്ക്ക് എല്ലാ ക്രമീകരണങ്ങളും ചെയ്തുതന്ന ക്രിസ്റ്റോഫോറോസ് മെത്രാപ്പോലീത്തയോടുള്ള നന്ദി അറിയിക്കുന്നു.




നിർത്താതെ കരയുകയാണ് കുട്ടി. 'നീ ഉടനെ കരച്ചിൽ നിർത്തിയില്ലെങ്കിൽ ഈ ജനലിലൂടെ നിന്നെ ചെന്നായ്ക്ക് എറിഞ്ഞു കൊടുക്കും.' അമ്മ പറഞ്ഞു.

അപ്പോൾ ജനലിന്റെ ചുവടേകൂടി പോവുകയായിരുന്ന ഒരു ചെന്നായ അതു കേട്ടു. 'കൊള്ളാം. ഇന്നു ഭാഗ്യമുള്ള ഒരു ദിവസമാണെന്നു തോന്നുന്നു. എന്റെ അത്താഴം ആ ജനലിലൂടെ ഏതു നിമിഷവും പുറത്തേക്കെറിഞ്ഞു കിട്ടാം' എന്ന ചിന്തയോടെ ചെന്നായ അവിടെ ഇരിപ്പുറപ്പിച്ചു.

കാത്തിരിപ്പു തുടങ്ങിയിട്ട് നേരം ഏറെയായി കുട്ടി കരച്ചിൽ നിർത്തി ഉറങ്ങിയെന്നു തോന്നുന്നു. തണുപ്പുകൂടിയ ആ രാത്രിയിൽ ചെന്നായ ഒരേ ഇരിപ്പായിരുന്നു - നല്ല ഇളപ്പമുള്ള ഇറച്ചി കിട്ടുന്നതും ഓർത്തു വായിലൂറിയ വെള്ളം ഇറക്കിക്കൊണ്ടിരുന്നു. പാവം!

പ്രതീക്ഷിച്ചതുപോലെ ഒന്നും സംഭവിച്ചില്ല. പ്രഭാതമാകാറായിരിക്കുന്നു. അപ്പോൾ സന്തോഷത്തോടെ ഉണർന്നു കളിക്കുന്ന കുട്ടിയുടെ ശബ്ദമാണ് ചെന്നായയുടെ കാതിൽ വീണത്.

ഇനിയും കാത്തിരിക്കാൻ വയ്യ എന്നു കരുതി ചെന്നായ് ആർത്തിയോടെ അകത്തേക്ക് എത്തിനോക്കി. കുഞ്ഞിന്റെ അമ്മ അതു കണ്ടു. ഉടനെ ജനൽ വലിച്ചടച്ചശേഷം അവർ മുറ്റത്ത് ചെന്നു പട്ടികളെ അഴിച്ചുവിട്ടു ബഹളം കൂട്ടി.

ചെന്നായ ജീവനുംകൊണ്ട് കാട്ടിലേക്ക് ഓടിപ്പോയി. സുരക്ഷിതമായ സ്ഥലത്തെത്തിയെന്ന് ഉറപ്പായപ്പോൾ ഒരു ദീർഘനിശ്വാസത്തോടെ അതു പറഞ്ഞു: 'കേൾക്കുന്നതെല്ലാം സത്യമാണെന്ന് ഇനി ഒരിക്കലും ഞാൻ വിശ്വസിക്കില്ല.'

●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

## ഫെബ്രുവരി മാസത്തിലെ ചോദ്യങ്ങൾ

1. അപ്പൊസ്തലൻ എന്നപദത്തിന്റെ അർത്ഥം വരുന്ന മറ്റൊരു പദം വേദപുസ്തകത്തിലെ ഒരു കുളത്തിന്റെ പേരാണ്, ആ കുളം ഏത്?
2. യെഹൂദനു പുറത്തുള്ള ലോകത്തോട് കടുത്ത വിദ്വേഷമുണ്ടായിരുന്ന പ്രവാചകൻ ആര്?
3. മഹാനായ അലക്സാണ്ടറുടെ പിതാവിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പട്ടണം വേദപുസ്തത്തിലുണ്ട്. ഏത്?
4. യേശുവിനെ കാണാൻ വളരെ ബദ്ധപ്പെട്ട ഒരു പുരുഷൻ ബൈബിളിലുണ്ട്. അതാര്?
5. ഒരു തരം വൃക്ഷത്തിന്റെ പേരിൽ അറിയപ്പെടുന്ന മല ഏത്?
6. മരിച്ചിട്ടും മണ്ണാകാത്ത ഒരു കഥാപാത്രത്തെപ്പറ്റി ബൈബിളിൽ പറയുന്നുണ്ട്. അതാര്?
7. 'നിരോധിക്കപ്പെട്ട കാര്യം' 'ചെയ്യരുതാത്തത്' എന്നീ അർത്ഥങ്ങളിൽ വേദപുസ്തകത്തിൽനിന്നും രൂപപ്പെട്ട ശൈലി ഏത്?
8. വേദപുസ്തകത്തിലെ ഏറ്റവും ചിലവേറിയ കൊട്ടാരം നിർമ്മിച്ചതാര്?
9. യോനായുടെ പുത്രൻ എന്ന അർത്ഥത്തിൽ യേശു ഒരു ശിഷ്യനെ വിശേഷിപ്പിച്ചു. ആരെ?
10. ഈന്തപ്പനയ്ക്ക് പ്രസിദ്ധമായ ഒരു നഗരം ബൈബിളിലുണ്ട്. ഏത് നഗരം?

## ജനുവരി മാസത്തിലെ ഉത്തരങ്ങൾ

1. 14 (മത്തായി.1:17)
2. നസറെത്ത് (മത്താ. 2:23)
3. യേശു (മർക്കോ. 3:16)
4. യോഹന്നാൻ സ്നാപകനെ (മർക്കോ. 6:20)
5. എലിശബെത്ത് (ലൂക്കോ. 1:5)
6. ബേത്ത് സയിദാ (യോഹ. 1:44)
7. യോസേഫ് (അപ്പൊ. പ്രവ. 4:36)
8. പൗലോസ് (1 കൊരിന്ത്യർ 1:13)
9. മരണം (2 കൊരി. 7:10)
10. 1 തെസ്സലൊനിക്യർ 5:16



**16–ാം ചരമവാർഷികം**
**19 - 02 - 2023**

**അമ്മിണി ഏബ്രഹാം**
**നെടുന്തറയിൽ**
**കുറ്റൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ സമുദായ ദിനവും നവീകരിച്ച അസ്സോസിയേഷൻ ഹാളിന്റെ കൂദാശയും



## 19 – ാമത് മെത്രാഭിഷേക വാർഷിക ദിനം



ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ 19 – ാമത് മെത്രാഭിഷേക വാർഷിക ദിനത്തിൽ മന്ത്രി വീണാ ജോർജിന്റെ സാന്നിധ്യത്തിൽ കാഞ്ഞിരപ്പള്ളി അതിരൂപതാ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ മധുരം പങ്കിടുന്നു.

റവ. സിജോ പന്തപള്ളിൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റക്കാട്ട്, വികാരി ജനറാൾ റവ. ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി ഫിലിപ്പ്, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, തമ്പി ചേന്തിയിൽ എന്നിവർ സമീപം


## 50th Wedding Anniversary
**18-02-2023**



Advt - O

## A. M. MATHEW & GRACY MATHEW
**Alamuttathu Kochothara**
**Aythala, Ranni**

Happy 50th wedding anniversary our Pappa and Mummy, 50 yrs of love. Thank you Pappa and Mummy for your unconditional love, your expectations of nothing but excellence, your discipline, hard work and your sacrifices that spoke far more than any words you said, of your love for us. Happy Wedding Anniversary.

**Best wishes from beloved children and Grandchildren**


# ക്നാനായ ദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം 2022 സെപ്തംബർ മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടിശ്ശിഖ ഉള്ളവർ ദയവായി കുടിശ്ശിഖ അയയ്ക്കണം. അല്ലാത്തപക്ഷം മാസിക അയയ്ക്കുകയില്ല. വിദേശത്തേയ്ക്ക് മാസിക അയയ്ക്കുന്നതിന് ഇപ്പോൾ പോസ്റ്റൽ ചാർജ് വളരെ കൂടുതലാണ്. ഓൺലൈൻ കോപ്പി മതിയെങ്കിൽ ദീപത്തിന്റെ Whats app No. 8547584440 ൽ അഡ്രസും, ഈ-മെയിലും നിങ്ങളുടെ Email or Whats app No. അയച്ചു തരിക.

ഓൺലൈനായി കുടിശിഖയും പരസ്യചാർജുകളും അയ്ക്കാവുന്നതാണ്. കുടിശിഖ അറിയാൻ അഡ്രസ്സ് Whats app No. 8547584440 ൽ അയയ്ക്കുക. എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

എന്ന്

Ac/No. 57004254154
Chief Editor andMg Editor
Knanaya deepam
SBI Chingavanam
IFSC SBIN 0070128

മാനേജിംഗ് എഡിറ്റർ
Ph: 9447563240, 8547584440
Email: kna.deepam@gmail.com

Knanayadeepam
Ac/No. 12990200001178
Federal Bank
Chingavanam
IFSC FDRL 0001299

# NAMKC
# Executive & Managing Committee 2022-25



**Mr. Jacob Thomas Edavazhickal**
President



**Mr. Ajay Mathew Vazhackal**
Secretary



**Miss. Minnu Saji Eranckal**
Trustee



**Mr. Thomas Markose Chaluparambil**
Vice President



**Mr. Balu Zachariah Malathuseril**
Joint Secretary



**Mr. Renny Eranckal**
Philadelphia



**Mr. Saji Kuruvilla Mathamparampil**
Tampa



**Mr. Jacob Skariah Manakattu**
Houston



**Mrs. Jessy Prasad Vadavuparambil**
Hartford



**Mr. Vintu Thomas Maliyil**
Dallas



**Mr. Suresh Abraham Maremkeril**
Boston



**Mr. Tino Raju Manimalethu**
Detroit



**Mr. Bejoy Zachariah Malathusseril**
Chicago



**Mr. Motty Malathusseril**
New Jersey



**Mr. Dhanoop Jose Manimalethu**
Hartford



**Mr. Liju Abraham Kuzhikandathil**
Philadelphia



**Mr. Saju Kurian Naicheril**
Canada



**Mr. Mittu Mathew Malithra**
Tampa



**Mr. Sonu Thomas Vettiparampil**
Canada

Advt - O

## 8th Death Anniversary

25-2-2023

## 20th Death Anniversary

21-7-2023



**Mariamma Chacko**
(Retd. H. M. St. Thomas HSS, Ranny)

**Dr. P. T. Philip**
(Retd. Joint Director, AHD - Kerala)

**Paranickal, Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## 18 –ാം ചരമവാർഷികം

11-2-2023

## 11 –ാം ചരമവാർഷികം

12-2-2023





**ഏബ്രഹാം തോമസ്**
(കുഞ്ഞവറാച്ചൻ)

**അന്നമ്മ ഏബ്രഹാം**
(അമ്മിണി)

ചിറമേൽപറമ്പിൽ, വള്ളംകുളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

## 1 –ാം ചരമവാർഷികം

8-2-2023



**Jemima Bibbin (Appu)**
Kaniyamparambil
Pulayakunnil, Eraviperoor

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

പപ്പ, മമ്മി, അപ്പച്ചൻ, അമ്മച്ചി

Sorrowing Family

Advt -S

**1 – ാം ചരമവാർഷികം**
19 – 02 – 2023

**3 – ാം ചരമവാർഷികം**
28 – 04 – 2023



**കുര്യൻ ജോസഫ്**
(Rtd. Income Tax Inspector)

**റ്റി. സി. ശോശാമ്മ**
(സൂനാമ്മ ടീച്ചർ)

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**മങ്ങാട്ട് ക്ലിഫ് ഹൗസ്**
**എസ്. പുരം, കുറിച്ചി**

*മക്കൾ: ജോസഫ്, ജേക്കബ്, ഷീല, മാർഗരറ്റ്*
*മരുമക്കൾ: ജയ, ജയകുമാർ, രാജൻ*
*കൊച്ചുമക്കൾ: നിതിൻ, നൂവിൻ, മെറിൻ, ചിന്നു*

Advt - O

**13 – ാം ചരമവാർഷികം**
21 – 2 – 2023



Advt - R

**കെ. സി. തോമസ്** (തോമാച്ചൻ)
**കടവിൽ, കാരാപ്പുഴ, കോട്ടയം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**1 – ാം ചരമവാർഷികം**
28 – 02 – 2023



Advt -O

**Abraham C. C. (Monz)**
**Koithra, Pathamuttom**
*സന്തപ്ത കുടുംബാംഗങ്ങൾ*



# വേർപാടിന്റെ ഒന്നാം വർഷം

**16–02–2023**

## റവ. ഫാ. ഒ. പി. തോമസ്

### പാറാനിയ്ക്കൽ

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# 40 – ാം ചരമദിനം

**3-2-2023**



## Cherian Thomas (Sunny)

Kizhakka Mundackel
Thiruvanvandoor

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Loving Family

Advt -O

# 40 – ാം ചരമദിനം

**1-02-2023**



## കുഞ്ഞുമോൾ ചെറിയാൻ

നെടുങ്ങാട്ടേത്തു, മഴുക്കീർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



## 1 –ാം ചരമവാർഷികം

16–02–2023

## Rev. Fr. O. P. Thomas Paranickal

(14-09-1955 - 16-02-2022)
Vicar as on 1990 -2021

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

പ്രാർത്ഥനയോടെ
പള്ളിക്കുത്ത്
സെന്റ് മേരീസ് ക്നാനായ പള്ളി
നിലമ്പൂർ

Advt -O



## 40 –ാം ചരമദിനം

26–01–2023

## സി. തോമസ്

(Rtd. Port Department)
തച്ചാറചിറയിൽ
ചിങ്ങവനം.

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 1 – ാം ചരമവാർഷികം

1 – 02 – 2023



Advt -S

## ഏബ്രഹാം ചാക്കോ (അനിയൻ)

ഓതറ ഹൗസ്, ഐത്തല

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

ഭാര്യ : ഏലിയാമ്മ ഏബ്രഹാം
മക്കൾ : അബിൻ ഏബ്രഹാം, അനു ഷിബു
മരുമക്കൾ : ഷിബു, മിൽക്ക

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

17 – 02 – 2023



Advt -R

## P. K. Chacko

പുലുത്തുരുത്തിൽ, ചിങ്ങവനം

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 30-ാം ചരമവാർഷികം

*02. February. 2023*



Advt - O

## V. A. Kurian
## Valiyaveetil Padikkal

"നിന്നിൽ ശരണത്താൽ നിദ്രയിലായി നിന്റെ
വരവിന് കാത്തിടും മൃതനിൽ കനിയണമേ"

## 40 – ാം ചരമദിനം

2 – 02 – 2023



Advt -O

## സജിൻ ജോസഫ് (39)

തുണ്ടിയിൽ ഹൗസ്, മഞ്ഞാടി

By Sorrowing Family

## 7th Death Anniversary
03-02-2023

## 10th Death Anniversary
17-02-2023



**K. I. Unni** **Sosamma M.O.**

Manacheril (Kizhakethil)
Thiruvananthapuram

**"For God so loved the world that he gave his one and only son that whoever believes in him shall not perish but have eternal life." (John 3:16)**

By Sorrowing Family

Advt - O

## 1st Birthday in Heaven
02 - 02 - 2023



**Abraham Jacob (Aby)**

Puramuttathu (H), Kumarankary

"I am the resurrection and the life: He who believes in me will live, Even though he dies." John 11: 25

By Sorrowing Family

Advt -O

## 40-ാം ചരമദിനം
5-02-2023



**അമ്മിണി തോമസ്**

മംഗലത്ത്, വെച്ചൂച്ചിറ

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 40th Day of Demise
05-02-2023



**Valsamma Kurian**

Marangattu (H), Vakathanam

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ "

By Sorrowing family

**Linda (UK), Lisha (UK) Libu (USA)**

Advt - O

*In Loving Memory Of*



**RAJU KAVUMKALPURAYIL**

Died On : 07-03-2001



**JOICE THADATHIL**

Died On : 07-02-2006

RANNI

Advt - O

**7-ാം ചരമവാർഷികം**



**കെ. പി. തോമസ് (തോമാച്ചൻ)**

കൊണ്ടൂർ, ചിങ്ങവനം

മാതാ എഞ്ചിനീയറിംഗ് വർക്സ് , ചിങ്ങവനം

Advt - G

**14 – ാം ചരമവാർഷികം**

4 – 03 – 2023



Advt -G

**ജോസഫ് സഖറിയ**

പാലക്കുടിയിൽ, ചിങ്ങവനം

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*



# ആദരാഞ്ജലികൾ

## ഷാജി ഫിലിപ്പ്
### നടയിൽ, നീലംപേരൂർ



ദൈവനിയോഗപ്രകാരം, ഞങ്ങളുടെ പ്രിയപ്പെട്ടവൻ ആകസ്മികമായി വിടവാങ്ങി. ശവസംസ്കാരം നീലംപേരൂർ പള്ളിയിൽവച്ച് നിർവ്വഹിക്കപ്പെട്ടു.

ഞങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ഏവരോടും ദൈവനാമത്തിൽ നന്ദി പറയുന്നു.

ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യരായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ്, ഡോ. തോമസ് മോർ തിമോഥിയോസ് മെത്രാപ്പോലീത്ത, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത, ഡോ. ആയൂബ് മോർ സിൽവാനിയോസ് മെത്രാപ്പോലീത്ത, ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്താ, വന്ദ്യ മിഖായേൽ റമ്പാൻ, വന്ദ്യ ബർശെമവൂൻ റമ്പാൻ, വന്ദ്യ കോർ എപ്പിസ്കോപ്പാമാർ, ബഹു. വൈദികർ, ശെമ്മാശന്മാർ, കന്യാസ്ത്രീകൾ എന്നിവരുടെ മുമ്പിൽ വിനയത്തോടെ നന്ദി അർപ്പിക്കുന്നു.

ഞങ്ങളുടെ ഭവനത്തിൽ കടന്നുവന്ന് പ്രാർത്ഥിച്ച് അനുശോചനം അറിയിച്ച അഭി. ഗീവർഗീസ് മോർ അപ്രേം മെത്രാപ്പോലിത്ത, മാത്യൂസ് മോർ സിൽവാനോസ് മെത്രാപ്പോലീത്തായെയും നന്ദിയോടെ സ്മരിക്കുന്നു.

